ഭാഷാപോഷിണി.

പുസ്തകം 21.	1092 ഇടവം.	ലക്കം 10.

വിദ്യാഭ്യാസം

(എസ്. സുബ്രഹ്മണ്യൻപോററി എം. എ)

ലോകചരിത്രത്തെക്കുറിച്ചു നമുക്ക് എന്തെങ്കിലും അറിയാവുന്ന കാലം മുതൽക്കു തന്നെ ബുദ്ധിമാന്മാരും സാരവേദികളും ആയ ആളുകൾക്കു വിദ്യാഭ്യാസത്തിനെക്കുറിച്ചു ബോധപ്പെട്ടിരുന്നതായി കാണാം. ഹിതോപദേശത്തിൽ വിദ്യാധനത്തിൻെറ മാഹാത്മ്യത്തെപ്പററി ഇങ്ങനെ പറയുന്നു.

"ന ചോരഹാര്യം ന ച രാജഹാര്യം ന ഭ്രാതൃഭാജ്യം ന കരോതി ഭാരം
വ്യയേ കൃതേ വർദ്ധത ഏവ നിത്യം വിദ്യാധനം സർവ്വധനാൽ പ്രധാനം."

"ഉത്തമജനങ്ങൾക്കു, ലഭ്യങ്ങളായ സകലസാധനങ്ങളിലുംവെച്ച് ഏററവും വിശിഷ്ടമായതു വിദ്യ ആകുന്നു" എന്നു പ്ലേറേറാ പറഞ്ഞിരിക്കുന്നു. "സകലതിന്മകളുടെയും ഉല്പത്തിസ്ഥാനം അജ്ഞാനം ആകുന്നു" എന്നത്രെ മൊണ്ടെയിനി എന്ന പരിന്ത്രീസ് പണ്ഡിതൻെറ അഭിപ്രായം. അജ്ഞന്മാരുടേയും പ്രജ്ഞന്മാരുടേയും ജീവിതങ്ങളെ തട്ടിച്ചുനോക്കുക. അപ്പോൾ ആദ്യത്തേതു് എത്ര രസശൂന്യമായ ഒന്നാണെന്നു പ്രത്യക്ഷമാകും. വെറും നിത്യതാനിർവ്വഹണത്തിനുള്ള ഒരു മാർഗ്ഗമായിട്ടല്ല മനുഷ്യനു് അറിവു് ആവശ്യമായിരിക്കുന്നതു്. ജീവിതത്തെത്തന്നെ അനുഭവിക്കുന്നതിനുള്ള ഉപകരണമായിട്ടാണ് എന്നുള്ള ഉപദേശം എത്ര വിലയേറിയതാണ്. താൻ ഏററവും ശ്രദ്ധിക്കുന്നതു ജ്ഞാനം സമ്പാദിക്കാനാണ് എന്നു പെററ്റാർക്ക് പറയുന്നു. "അജ്ഞത ഈശ്വരൻെറ ശാപവും ജ്ഞാനം നമുക്കു സ്വർഗ്ഗത്തേക്കു പറന്നുപോകാനുള്ള ചിറകുകളും ആകുന്നു" എന്നു ഷേക്സ്പീയർ മഹാകവി തൻെറ കഥാപാത്രങ്ങളിൽ ഒരാളെക്കൊണ്ടു് ഒരിടത്തു പറയിച്ചിട്ടുള്ളതു് അദ്ദേഹത്തിൻെറ സ്വന്തം അഭിപ്രായം തന്നെ ആയിരിക്കണം.

ഭാഗ്യവാനവനേവൻ ജ്ഞാനത്തെ കണ്ടെത്തുന്നു
ഭാഗ്യവാനവനേവൻ ജ്ഞാനത്തെ ലഭിക്കുന്നു.

കച്ചോടം ചെയ്യാൻ വെള്ളിസ്സാമാനങ്ങളേക്കാളും
മെച്ചമാം ചരക്കുകൾ ജ്ഞാനസാമാനങ്ങളാം.

വ്യാപാരമതിൽനിന്നും ലഭിക്കും ലാഭമേററം
ശോഭനകനകത്തേക്കാട്ടിലും മെച്ചമത്രെ.

വിദ്യയാം രത്നത്തിൻെറ വിലയേ വിചാരിച്ചാൽ
വൈദ്യുതകാന്തി ചേരും മാണിക്കം താണേ നിൽക്കു.

മനുഷ്യക്കിച്ഛിക്കുവാൻ കഴിയും വസ്തുവൊന്നു-
മനഘവിദ്യയോടു നിൽക്കില്ല തുലനയിൽ.

വലത്തേക്കരംതന്നിൽ വരമാം ദീർഘായുസ്സു-
മിടത്തേതിലൊ നല്ല മാനവും ധനങ്ങളും.

കൈകൊണ്ടു വിളങ്ങുന്ന വിദ്യയാം ദേവിതൻെറ
പോക്കുകളെല്ലാമെത്ര മോഹനമാനന്ദദം.

അങ്ങവൾ പോകുംവഴി സൎവ്വത്ര സമാധാന-
മംഗലസുഖപൂൎണ്ണമായല്ലോ വന്നീടുന്നു.”

എന്നത്രെ സാളോമൻ പറയുന്നതു്.

“ലോകത്തിൽ പ്രധാനമായതു ജ്ഞാനമാകുന്നു; അതുകൊണ്ടു ജ്ഞാനം സമ്പാദിക്കുക. എന്തു ലഭിച്ചാലും അറിവു ലഭിക്കാൻ നോക്കുക”

ഇങ്ങനെ ഒക്കെയാണെങ്കിലും പൊതുജനങ്ങളുടെ ഇടയിൽ പരക്കെയുണ്ടായിരുന്ന അഭിപ്രായം വിശേഷിച്ചു പെൺകുട്ടികളെ സംബന്ധിച്ചു് ഇതിനു നേരെ വിപരീതമായിരുന്നു. സ്ത്രീകളുടെ ഗ്രന്ഥശാല അവരുടെ മുണ്ടുപെട്ടിയാണെന്നു ജൎമ്മൻകാരുടെ ഇടയിലും, സ്ത്രീകളെ നാലു “സുവിശേഷങ്ങൾക്കുള്ളിലോ നാലു ചുവരുകൾക്കകത്തോ സൂക്ഷിക്കണം” എന്നു ഫ്രഞ്ചുകാരുടെ ഇടയിലും ഓരോ പഴഞ്ചൊല്ലുകൾ ഉണ്ടു്. പാവപ്പെട്ടവൎക്കും കുലീനന്മാൎക്കും വിദ്യാഭ്യാസവുമായിട്ടു വല്ല കാൎയ്യവും ഉണ്ടെന്നു വിചാരിച്ചു തുടങ്ങിയിട്ടു വളരെ നാളായില്ല. അതു പുരോഹിതൎക്കും സന്യാസിമാൎക്കും വേണ്ട ഒരു കാൎയ്യം മാത്രമായിട്ടാണ് വിചാരിക്കപ്പെട്ടുപോന്നിട്ടുള്ളതു്. ഇംഗ്ലീഷിൽ ‘ക്ലാൎക്ക്’ എന്ന വാക്കു് ഈ ആശയത്തെയാണ് ദ്യോതിപ്പിക്കുന്നതു്.

എത്രയും ബുദ്ധിമാനും ഗുണവാനും ആയ ഡാക്ടർ ജാൺസൺ തന്നെ, ‘എല്ലാവരും വിദ്യാഭ്യാസം ചെയ്താൽ പിന്നെ ലോകത്തിൽ വേണ്ട കൈവേലകൾ ചെയ്വാൻ ആരെ എങ്കിലും കാണുക അസാധ്യമായിരിക്കും’ എന്ന് ഒരു സ്വതസ്സിദ്ധാന്തമായ തത്വമായി പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ വാക്കു സാഹിത്യകാൎയ്യങ്ങളിൽ ഒരു പ്രമാണമായി സ്വീകരിക്കാമെങ്കിലും വേലയുടെ മാഹാത്മ്യത്തെക്കുറിച്ച് അദ്ദേഹം ഗ്രഹിച്ചിട്ടില്ല.

ഇതു വിദ്യാഭ്യാസചരിത്രത്തിൻെറ ഒരു ഘട്ടമായിരുന്നു. ‘വിദ്യാഭ്യാസകാൎയ്യം ഒരുവൻെറ ജീവിതവൃത്തി ഏതോ അതിനെ ആധാരമാക്കി വേണം നിശ്ചയിക്കാൻ’ എന്നു ജനങ്ങൾ വിചാരിച്ചുതുടങ്ങിയ കാലമാകുന്നു രണ്ടാംഘട്ടം. കുട്ടികൾക്കു നൽകുന്ന വിദ്യാഭ്യാസത്താൽ അവരെ അവരുടെ നിലയിൽനിന്ന് ഉയൎത്തിവെക്കാതിരിക്കാൻ കരുതേണ്ടതാവശ്യമാണ്; വായന, കണക്കു, കയ്യെഴുത്തു് ഇതു മൂന്നുമെ പാവപ്പെട്ടവരുടെ കുട്ടികൾക്കു് ആവശ്യമുള്ളു. എഴുത്തും വായനയും വ്യാപാരകാൎയ്യങ്ങൾ ഗ്രഹിക്കാനും എഴുത്തുകുത്തുകൾ ചെയ്വാനും കണക്കു, വരവുചെലവു കണക്കുവെക്കാനും അവൎക്കു് ആവശ്യമാണല്ലൊ.

വ്യാപാരത്തിൻെറ എല്ലാ ശാഖകളെ സംബന്ധിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അഭിപ്രായം ഇതായിത്തീൎന്നു. എൽഡൻപ്രഭു മന്ദബുദ്ധികളായ ഒരു ബാങ്കുകമ്പനിക്കാരെയാണ് തൻെറ ബാങ്കുകാരായി തിരഞ്ഞെടുത്തതു്. അതിലും മന്ദബുദ്ധികളായി വല്ലവരും ഉണ്ടെങ്കിൽ അദ്ദേഹത്തിൻെറ ഇടപാട്ട് അവരുടെ അടുക്കലേക്കു മാറുമായിരുന്നു എന്ന് അദ്ദേഹം പറകയുണ്ടായിട്ടുണ്ടു്. വ്യാപാരത്തിൽ നിയമിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കുട്ടികളെ മറ്റൊന്നും പഠിപ്പിച്ചുകൂടാ, എന്നു ഹാസ്ലിററും പറഞ്ഞിട്ടുണ്ടു്. “തൻെറ തലയിൽ മറ്റൊരു വിചാരവും ഇല്ലാത്തവനെ പണമുണ്ടാക്കു” എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

ഈ അഭിപ്രായപ്രചാരകാലമാണ് രണ്ടാമത്തെ ഘട്ടം.

വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ചു നാം ഇപ്പോൾ വാദിക്കുന്നതു്, അതു് ഒരു മനുഷ്യനെ കുറേക്കൂടി നല്ല ഒരു വേലക്കാരനായിട്ടു മാത്രമല്ല, നേരെ മറിച്ചു് ഒരു വേലക്കാരനെ യോഗ്യതയേറിയ മനുഷ്യനാക്കാനായിട്ടു കൂടിയാണ്; എന്നുവെച്ചാൽ വിദ്യാഭ്യാസം തൊഴിലിന് ആവശ്യമുള്ള അറിവുകൾ മാത്രം നൽകാനായിട്ടല്ല, മനുഷ്യരെ എല്ലാവിധത്തിലും ഉൽകൃഷ്ടരാക്കുന്നതിനു വേണ്ട അറിവുകൾ നൽകാനായിട്ടാ

കുന്നു. "ഒരു പാഠശാല ആരംഭിക്കുന്ന ആൾ ഒരു കാരാഗൃഹത്തിന്റെ ആവശ്യകതയെ ഇല്ലാതെ ആക്കുന്നു'' എന്നുള്ള വിക്റ്റർ ഹ്യൂഗോവിന്റെ അഭിപ്രായം എത്ര ശ്രേഷ്ഠമായിട്ടുള്ളതാകുന്നു. സ്വിററ്സർലാണ്ടിലെ ഒരു രാജ്യനീതികുശലൻ ഇങ്ങനെ പറയുന്നു. "ഞങ്ങളുടെ കുട്ടികളിൽ ഏറിയക്കുറും ദരിദ്രരാകുന്നു; എന്നാൽ അവർ അജ്ഞാനാന്ധതയിൽ വളരാതിരിക്കാൻ ഞാൻ പ്രത്യേകം കരുതുന്നുണ്ട്." ഇംഗ്ലണ്ടിലും ഇപ്പോൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അറിവാൻ തുടങ്ങിയിരിക്കുന്നു.

വിദ്യാഭ്യാസത്താലുള്ള സംസ്കാരവും മാധുര്യവും ജ്ഞാനപ്രകാശവും എല്ലാം വെറും ബാഹ്യാഡംബരമാണെന്നു വിചാരിക്കുന്ന വളരെ ആളുകൾ ഇന്നും ഉണ്ടു് എന്നു മാത്യു ആർനാൾഡ് അദ്ദേഹത്തിന്റെ "കൾച്ചർ ആൻഡ് അനാർക്കി" എന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. എന്നാൽ അദ്ദേഹം ഇങ്ങനെ എഴുതിയതു് 1869-ാംവർഷത്തിലാണ്. ഇപ്പോൾ ആ അവസ്ഥ വളരെ ഭേദപ്പെട്ടുപോയി.

ഇംഗ്ലണ്ടിൽ വിദ്യാഭ്യാസനിയമം 1870-ാമാണ്ടു നടപ്പായി. അന്നു് അവിടെ എലിമെൻററിപാഠശാലകളിൽ പഠിച്ചിരുന്ന കുട്ടികളുടെ സംഖ്യ ഏതാണ്ടു പതിന്നാലു ലക്ഷമായിരുന്നു. ഇപ്പോൾ അമ്പതു ലക്ഷത്തിലധികമാണ്. ഇതിന്റെ ഫലമെന്താണെന്നു നോക്കാം. 1877-ാമാണ്ടു വരെ ഇംഗ്ലണ്ടിൽ തടവുകാരുടെ സംഖ്യ ക്രമേണ കൂടിക്കൂടിയാണ് വന്നിരുന്നതു്. ആ ആണ്ടിൽ അതു് ഇരുപതിനായിരത്തി എണ്ണൂറായിരുന്നു. അന്നുമുതൽ അതു കുറഞ്ഞു കുറഞ്ഞു് ഇപ്പോൾ പതിമൂവായിരത്തിൽ താഴെയുള്ളു. ഈ കാലത്തിനിടയിൽ ഇംഗ്ലണ്ടിലെ ജനസംഖ്യ വളരെ മടങ്ങു വർദ്ധിച്ചുവന്നിരുന്നു എന്നുള്ള സംഗതി കൂടി ഓർമ്മിക്കണം. ചെറുപ്പക്കാരായ കുററക്കാരുടെ വിഷയത്തിൽ ഈ കുറവു കുറേക്കൂടി തൃപ്തികരമായതാണ്. 1856-ൽ ശിക്ഷാർഹമായ കുററങ്ങൾ ചെയ്തിട്ടുള്ള കുട്ടികളുടെ തുക പതിന്നാലായിരമായിരുന്നു. അതു് ഇന്നു് അയ്യായിരത്തി ഒരുനൂറിൽ താണു കുറഞ്ഞു. ഇതുപോലെ തന്നെ "പാപ്പർ"ആയ ആളുകളുടെ സംഖ്യയും വളരെ കുറഞ്ഞിട്ടുണ്ട്.

അതിഹീനങ്ങളായ കുററങ്ങളുടെ സംഖ്യാക്കുറവു് ഇതിലും അധികം തൃപ്തികരമാണ്. 1864-മാണ്ടോടു് അവസാനിക്കുന്ന അഞ്ചു കൊല്ലങ്ങളിൽ കഠിനശിക്ഷ വിധിക്കപ്പെട്ട ആളുകളുടെ ശരാശരിസംഖ്യ രണ്ടായിരത്തി എണ്ണൂറായിരുന്നു. ജനസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ടെങ്കിലും അതു് ഇന്നു നാലിലൊന്നായി കുറഞ്ഞു. ഇതുകൊണ്ടു, വാസ്തവത്തിൽ ഇംഗ്ലണ്ടിലെ കാരാഗൃഹങ്ങളിൽ എട്ടു് എണ്ണം ആവശ്യമില്ലാതെ വരികയും അവ മററു കാര്യങ്ങൾക്കു് ഉപയോഗിക്കാൻ ലഭിക്കുകയും ചെയ്തു.

കുററങ്ങൾക്കും വിദ്യാഭ്യാസവിഹീനതയ്ക്കും തമ്മിലുള്ള അടുത്ത സംബന്ധം കാണിക്കാൻ ഒരു കണക്കു കൂടി ഇവിടെ കാണിക്കാം. തടവുശിക്ഷ വിധിക്കപ്പെട്ട ഒരുലക്ഷത്തി അമ്പത്തേഴായിരം ആളുകളിൽ അയ്യായിരത്തോളം ആളുകൾക്കു മാത്രമേ എഴുതാനും വായിക്കാനും അറിയാമായിരുന്നുള്ളു. വിദ്യാഭ്യാസം ലഭിച്ചവർ എന്നു പറയത്തക്കവണ്ണം ഇരുനൂററമ്പതിലധികം പേർ ആ കൂട്ടത്തിൽ ഇല്ലതാനും.

കാരാഗൃഹങ്ങൾക്കും പോലീസ്സ് ഏർപ്പാടുകൾക്കും വേണ്ടിവരുന്ന ചെലവു, വിദ്യാഭ്യാസവിതരണത്തിൽ ചെലവു വർദ്ധിപ്പിക്കുന്ന പക്ഷം, ക്രമേണ കുറയ്ക്കാവുന്നതാണ്. രണ്ടാമത്തെ ചെലവു, നല്ല വിഷയത്തിൽ, എന്നൊരു ശ്രേഷ്ഠതയ്ക്കു് അർഹവും ആണ്.

അജ്ഞത വിദ്യാഭ്യാസത്തേക്കാൾ അധികച്ചെലവിനു കാരണഭൂതമാണ്. വാസ്തവത്തിൽ ഒരു രാജ്യത്തു നടക്കുന്ന കുററങ്ങളിൽ ഒരു ചെറിയ അംശം മാത്രമേ വിചാരപൂർവമായ ദൌഷ്ട്യത്തിൽനിന്നോ അപ്രതിഹതമായ പ്രലോഭനത്തിൽനിന്നോ ഉണ്ടാകുന്നുള്ളു. കുററങ്ങളുടെ പ്രധാനജന്മഭൂമി മദ്യപാനവും അജ്ഞതയും ആകുന്നു. ഇപ്പോൾ ലഭിച്ചിട്ടുള്ള ശ്രേഷ്ഠഫലം കുട്ടികൾ പാഠശാലകളിൽനിന്നു പഠിക്കുന്ന നല്ല കാര്യങ്ങളും ശുചിത്വത്തെയും ശുദ്ധതയെയും, എല്ലാ കാര്യങ്ങളിലും രീതിയെയും, അനുവർത്തിക്കുകയും ആദരിക്കയും ചെയ്യുന്ന സ്വഭാവവുംകൊണ്ടു മാത്രം ഉണ്ടായതല്ല. നേരെ മറിച്ച് അവർ തെരുവുകളിൽനിന്നു ദുർഗ്ഗുണങ്ങളെ അഭ്യസിക്കാതെയിരിക്കയും, കുററക്കാരുടെ

യും ഒരു ജോലിയും ഇല്ലാതെ അലഞ്ഞുനടക്കുന്നവരുടേയും ഉപദേശങ്ങളിലും ദൃഷ്ടാന്തങ്ങളിലുംനിന്നു രക്ഷിക്കപ്പെടുകയും ചെയ്യുന്നതും ഈ ഫലത്തിനു നിദാനമാകുന്നു.

എന്നാൽ വിദ്യാഭ്യാസത്തിന് ഏററവും ശ്രേഷ്ഠമായ രീതി ഇതുവരെ നാം കണ്ടുപിടിച്ചോ എന്നുള്ളതു് സംശയമാണ്. ജീവിതത്തിൽ നാം കൂടക്കൂടെ ഉത്തരം പറയേണ്ടതായി വരുന്ന മൂന്നു വലിയ ചോദ്യങ്ങൾ ഉണ്ടു്. ശരിയോ, തെററോ; സത്യമോ, അസത്യമോ; നല്ലതോ, ചീത്തയോ; ഇവയാകുന്നു ആ മൂന്നു ചോദ്യങ്ങൾ. നമ്മുടെ വിദ്യാഭ്യാസം ഈ ചോദ്യങ്ങൾക്കുത്തരം പറയാൻ നമ്മേ സഹായിക്കുന്നതായിരിക്കണം.

എഴുത്തും വായനയും കണക്കും വ്യാകരണവും പഠിക്കുന്നതു വിദ്യാഭ്യാസമാണെന്നു പറയുന്നതു് ഇലയും പാത്രങ്ങളും ചേർന്നാൽ ഭക്ഷണമായി എന്നു പറയുന്നതുപോലെയാണ്. ഏബ്രഹാം, ഐസക്ക, ജേക്കബ് ഇവക്ക് എഴുതാനോ വായിക്കാനോ കഴിവില്ലായിരുന്നു; ഒരു പക്ഷേ ത്രൈരാശികക്കണക്കും അവർ ഗ്രഹിച്ചിട്ടില്ലായിരുന്നിരിക്കണം. എന്നാൽ അവർ വിദ്വാന്മാരല്ലായിരുന്നു എന്നു പറയാമോ?

പ്രാചീനഭാഷകൾ പഠിക്കുന്നതു് വിദ്യാഭ്യാസത്തിൻെറ മുഖ്യഭാഗങ്ങളിൽ ഒന്നു തന്നെയാണ്. അതു് ഉപേക്ഷിക്കയോ അതിൻെറ വില താഴ്ത്തി പറകയോ ചെയ്യുന്നതു ശുദ്ധഅബദ്ധവുമാണ്. എന്നാൽ അതുകൊണ്ടു പൂർണ്ണവിദ്യാഭ്യാസമായി എന്നു വിചാരിക്കുന്നതു തീരെ തെററു തന്നെയാണ്. എന്നിട്ടും നമ്മുടെ വിദ്യാഭ്യാസം ചാറൽസ് ബക്സ്ടൻ പറയുന്നതുപോലെ ഇപ്പോൾ രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പെ ജീവിച്ചിരുന്ന ആളുകൾ ഉപയോഗിച്ചിരുന്ന വാക്കുകളെ ഉരുവിട്ടു പഠിക്ക മാത്രമാണെന്നു പലരും വിചാരിക്കുന്നു. മററുള്ള വിഷയങ്ങൾ വേണ്ടെന്നു വെക്കുന്നതു് ഒരുവൻ അവൻെറ ഇടത്തുവശത്തെ നോക്കാതെ വലത്തുഭാഗത്തെ മാത്രം രക്ഷിക്കുന്നതുപോലെ ആകുന്നു. എന്നാൽ നമ്മുടെ പ്രാചീനഭാഷാഭ്യസനം തന്നെ വേണ്ടപോലെ ആണോ? കാവ്യങ്ങളിലെ വ്യാകരണകാര്യങ്ങൾക്കായിട്ടാണ് ശ്രദ്ധയിലും സമയത്തിലും അധികം ഭാഗം ഉപയോഗിക്കുന്നതു്. അതിനാൽ ഗ്രന്ഥകാരൻെറ ആശയോദ്ദേശങ്ങളെ മിക്കവാറും ഗ്രഹിക്കാതിരിക്കുന്നു. വ്യാകരണം ശാസ്ത്രങ്ങളുടെ ഒരു ശാഖയാണ്. അതു തന്നെ മിക്കവാറും ശാസ്ത്രീയമായ വിധത്തിലൊ രസകരമായ വിധത്തിലൊ അല്ല പഠിപ്പിക്കാറുള്ളതു്. ഇനിയും ഒന്നു പറയാനുള്ളതു് ഇപ്പോഴത്തെ സമ്പ്രദായത്താൽ വിദ്യാർത്ഥികൾക്കു് ആ ഭാഷകൾ സംസാരിക്കാനുള്ള പാടവം ലഭിക്കുന്നില്ല.

ഈ സമ്പ്രദായം പ്രാചീനഭാഷകളോടു നമുക്കു പ്രണയം തോന്നിക്കുന്നതിനു പര്യാപ്തമാകുന്നില്ല. ഇതു സംബന്ധിച്ചു താക്കറേ എന്ന പ്രസിദ്ധആഖ്യായികാകാരൻെറ ഒരു ഫലിതം ഇവിടെ ഉദ്ധരിക്കാം. കാറൺഹിൽ എന്ന സ്ഥലത്തുനിന്നു കയറോ എന്ന സ്ഥലത്തേക്കുള്ള യാത്രയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "വഴിക്കു ഗ്രീക്കുകാവ്യദേവത എൻെറ അടുക്കൽ വന്ന് ആത്തൻസ് വന്നു കാണാൻ എനിക്കു കൌതുകം ഇല്ലേ എന്നു ചോദിച്ചു. ലോകിയത്തിനടുത്തതല്ലെങ്കിലും സത്യമായി മറുപടി പറയാനാണ് എനിക്കു തോന്നിയതു്. 'ദേവി, ചെറുപ്പത്തിൽ അവിടുത്തെ സഹവാസം എനിക്കു നൽകപ്പെട്ടതു വളരെ പണിപ്പെടത്തക്ക വിധത്തിലും തീരെ രുചികരമായ വിധത്തിലും അല്ലായ്കയാൽ ഈ വയസ്സുകാലത്തു് അവിടുത്തോടു് ഇണങ്ങാൻ എനിക്കു തീരെ മനസ്സു വരുന്നില്ല' എന്നായിരുന്നു എൻെറ മറുപടി."

പ്രാചീനഭാഷകൾ പ്രധാനങ്ങളാണെങ്കിലും അവ വിദ്യാഭ്യാസത്തിൻെറ ഒരു വശമാത്രേ ആകുന്നുള്ളു. വിദ്യാഭ്യാസം മനുഷ്യരുടെ അനുകമ്പയോടു് —അതാവിതു മനുഷ്യനെ മനുഷ്യനോടു സംബന്ധിപ്പിക്കുന്ന വിശാലമായ ചാർച്ചയോടു് അനുബന്ധിച്ചതായിരിക്കണം. പുസ്തകങ്ങൾ ആലോചനയാലും യുക്തിവിചാരണകളാലും ലഭിക്കാവുന്ന സകലസഹായങ്ങളോടു ചേർന്നിട്ടായാലും വിദ്യാഭ്യാസത്തിൻെറ ഒരു് അംശത്തേ തരാനേ ശക്തങ്ങളാകു. പുസ്തകങ്ങൾ മാത്രം പഠിച്ചവനും പ്രകൃതിയേക്കുറിച്ചും നാം അധിവസിക്കുന്ന ഭൌതികലോകത്തേക്കുറിച്ചും ഒരു വസ്തു രൂപമില്ലാത്തവനും ആയ ഒരുവൻ എ

ത്ര പഠിത്തം ഉള്ളവനായാലും പ്രാചീനഭാഷകളിൽ എത്ര വലിയ പണ്ഡിതനായാലും അവൻ ഒരു മുറിവിദ്വാൻ മാത്രമാണ്.

നാം ഇപ്പോൾ വിദ്യാഭ്യാസം എന്നു വിളിച്ചുവരുന്നതിൽ അധികം ഭാഗവും പൂച്ചെടികൾ വളരുന്നതിനുവേണ്ടി പാക്കസ്ഥലത്തെ സസ്യവിജ്ഞാനീയം സംബന്ധിച്ച ഒരു് ഉപന്യാസം വായിച്ചുകേൾപ്പിക്കുന്നതുപോലെ ആകുന്നു എന്നുള്ള അഭിപ്രായം വളരെ ന്യായമായിട്ടുള്ളതാകുന്നു. നമുക്കു മേൽ വളരെ പഠിക്കാനുണ്ട്. മുമ്പു പഠിച്ചതിൽ പലതു, അഴിച്ചു പഠിക്കാനുമുണ്ട്. ഇങ്ങനെ പറയുന്നതിൽ ഉപാദ്ധ്യായന്മാരോടു കൃതഘ്നത സൂചിപ്പിക്കയല്ല, അവരുടെ തൊഴിൽപോലെ ഇത്ര പ്രയാസമേറിയതും ശ്രമാവഹമായതും ആയ മറ്റൊരു തൊഴിലും ഇല്ല. കുഞ്ഞുങ്ങളോട്ട് ഒരുമിച്ചു കളിക്കുന്നതുപോലെ ആഹ്ളാദകരമായി മറ്റൊന്നുമില്ല. എന്നാൽ അവരെ പഠിപ്പിക്കുന്ന കാര്യമോ?—ഇത്ര കഷ്ടപ്പെട്ട ജോലിയും വേറെ ഒന്നും ഇല്ല.

വ്യാകരണവും കണക്കും പഠിപ്പിക്കുന്നതു് ഒരു പക്ഷേ ഏതാണ്ടു് എളുപ്പമായിട്ടുള്ളതാണ്. "അതെ, അതു് എളുപ്പമായിട്ടുള്ളതു തന്നെ, എന്നാൽ ബാലാത്മാവിനെ സഹായിക്കയും അതിനു കരുത്തു വദ്ധിപ്പിക്കയും അതിൽ ആശയേയും വിശ്വാസത്തേയും അങ്കുരിപ്പിക്കുകയും അതിനെ പ്രയോജനകരങ്ങളായ മാഗ്ഗങ്ങളിലേക്കു തെളിക്കയും പുതിയ ചിന്തകളും സ്ഥിരപ്രവൃത്തികളുംകൊണ്ടു പാറിയ തോലിയെ വീണ്ടെടുക്കയും ചെയ്യുന്നതു് ഒട്ടും എളുപ്പമായ പ്രവൃത്തിയല്ല. അതു ദിവ്യരായ ആളുകൾക്കേ സാധിക്കൂ." എന്നത്രെ എമെഴ്സൻ പറയുന്നതു്.

വിദ്യാഭ്യാസത്തിന്റെ സാക്ഷാൽ ഉദ്ദേശം വക്കീലന്മാരെയോ പുരോഹിതന്മാരേയോ പട്ടാളക്കാരെയോ അദ്ധ്യാപകന്മാരെയോ കൃഷിക്കാരെയോ മറ്റു തൊഴിലാളികളേയൊ സൃഷ്ടിക്കുക അല്ല, മനുഷ്യരെ "മനുഷ്യർ" ആക്കുകയാണ്. "സമാധാനകാലത്തേയും യുദ്ധകാലത്തേയും സ്വകാര്യത്തേയും പൊതുകാര്യത്തേയും സംബന്ധിച്ച എല്ലാ കൃത്യങ്ങളേയും ന്യായതയോടും സാമത്ഥ്യത്തോടും ഉദാരമനസ്കതയോടും കൂടി നിവ്ഹിക്കുന്നതിനു് ഒരുവനെ സന്നദ്ധനാക്കുന്നതു യാതൊന്നാണോ അതാണ് പൂണ്ണവും ഉദാരവുമായ വിദ്യാഭ്യാസം" എന്നാകുന്നു മഹാകവി മിൽടന്റെ അഭിപ്രായം.

ഭൂതാത്ഥസംഗതികളെ കേവലം വാഗ്വ്യവഹാരങ്ങളാൽ തീരുമാനിക്കാമെന്നു തത്വജ്ഞാനികൾ വിചാരിച്ചുപോന്നു. അതു് അത്ര ആലോചിച്ചിട്ടു ചെയ്യുതല്ല എന്നു കാണാം. ഇതിനെ കാണിക്കാൻ പ്ലാട്ടാക്ക് എന്ന പ്രാചീനപണ്ഡിതൻ "കോഴിയോ മുട്ടയോ ഏതാണ് മുമ്പെ ഉണ്ടായതു്" എന്ന വിഷയത്തെക്കുറിച്ചു നേരമ്പോക്കായി ഒരു വാദപ്രതിവാദം ചെയ്യുന്നുണ്ടു്. അതിലെ വാദമുഖങ്ങളിൽ ഒന്നു് "കോഴിയാണ് മുമ്പെ ഉണ്ടായതു്, എന്തെന്നാൽ ആ കോഴിയുടെ മുട്ട എന്നല്ലാതെ ആ മുട്ടയുടെ കോഴി" എന്നാരും പറയാറില്ല എന്നാകുന്നു.

വിററിയർ പറയുന്നതാവിതു്: "പാറകളിലും വൃക്ഷങ്ങളിലും കായലുകളിലും മലകളിലും ആ അതിദിവ്യതേജോവിശേഷത്തിന്റെ സ്ഥൂലാകൃതിയെ ആരാഞ്ഞു കാണുവാൻ ചിത്രകലാകുശലന്റെ നേത്രങ്ങൾക്കു സൂക്ഷ്മശക്തി നൽകുന്ന മഹിമയേറിയ കുശലതയെക്കുറിച്ചു് അജ്ഞന്മാരായി വളരാൻ നമ്മുടെ കുട്ടികൾക്കു സംഗതി വരുത്തുന്നതു ശരിയല്ല."

ആശയങ്ങളെ പലേ പുസ്തകങ്ങളിൽ കണ്ടെടുക്കാമെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ ഇച്ഛാഭംഗമായിരിക്കും ഫലം. "ആശയങ്ങളുടെ അധിവാസസ്ഥലങ്ങൾ അരുവികൾ, ഊററുകൾ, പവ്വതങ്ങൾ, സമുദ്രം, സൂര്യപ്രകാശം, കാററു മുതലായ പ്രകൃതിയുടെ അവയവങ്ങളാകുന്നു" എന്നാണ് ജാഫ്രേസ് പറയുന്നതു്. എന്നാൽ ഭാഗ്യദോഷത്താൽ നദികളും സമുദ്രവും കാടുകളും സൂര്യരശ്മിയും വായുവും നമുക്കു് ഇച്ഛിക്കാവുന്നിടത്തോളം പ്രവേശ്യങ്ങളായിരിക്കുന്നില്ല, എന്നു മാത്രമല്ല പുസ്തകങ്ങളിലും ആശയങ്ങൾ അധിവസിക്കുന്നുണ്ടു താനും. അതുകൊണ്ടു പുസ്തകങ്ങളെ ഉപയോഗിക്കാതെ നിവൃത്തിയില്ല. എന്നാൽ അതു വിവേകപൂവ്വം വേണ്ടതാകുന്നു. ഭാഷ നമ്മുടെ അന്തഗ്ഗതങ്ങളെ വെളി

പ്പെടുത്തുന്നതിനു വളരെ അപൂൎണ്ണമായ ഒരു് ഉപകരണമേ ആകുന്നുള്ളു. എല്ലാ കുട്ടിയും പുരുഷത്വം പ്രാപിക്കുന്നില്ല. കണക്കുശാസ്ത്രത്തിലെ തത്വങ്ങളേയും കരുതലോടു കൂടിയേ ഉപയോഗിക്കാവൂ!

പാഠശാല വിട്ടതിനു ശേഷം ഏതെങ്കിലും ഒരു പദ്ധതി അനുസരിച്ചു സ്വയംവിദ്യാഭ്യാസം ചെയ്യുന്നതിനു് ഇത്ര വളരെ ആളുകൾക്കു കഴിയാതെ പോകുന്നതു ഞാൻ ഇപ്പോൾ സൂചിപ്പിച്ച നമ്മുടെ വിദ്യാഭ്യാസസംപ്രദായത്തിന്റെ വൈകല്യംമൂലം ആയിരിക്കാം. നാം ആമരണം വിദ്യാഭ്യാസം ചെയ്തുകൊണ്ടാണ് ഇരിക്കുന്നതു് എന്നുള്ളതിനു സംശയം ഇല്ലല്ലൊ. "ജീവിക്കു പഠിക്കു" എന്നാണ് ഒരു പഴയ പഴഞ്ചൊല്ലു പറയുന്നതു്. എന്നാൽ വല്ല വൎത്തമാനപ്പത്രങ്ങളിൽനിന്നോ വല്ല കഥാപുസ്തകങ്ങളിൽനിന്നോ ഒരു രീതിയോ നിയമമോ ഇല്ലാതെ അങ്ങുമിങ്ങും നിന്നു യദൃച്ഛയാ ലഭിക്കുന്ന ജ്ഞാനശകലങ്ങൾ മൂലം വിദ്യാഭ്യാസം ചെയ്യുയോ അതോ ആത്മപരിശീലനവും വിദ്യാഭ്യാസവും എന്നു ന്യായമായി വിളിക്കപ്പെടാവുന്ന വല്ല ഒരു പദ്ധതിയേയും നാം ശരിയായി അനുവൎത്തിക്കയോ വേണ്ടതു് എന്നാകുന്നു ഇവിടെ പ്രതിപാദ്യമായ വിഷയം.

വിദ്യാഭ്യാസം എങ്ങനെ ഇരിക്കണമെന്നുള്ളതിനെക്കുറിച്ചു പ്രൊഫസ്സർ ഹക്സിലിയുടെ അഭിപ്രായം ഇവിടെ പകൎത്താം.

"നമ്മുടെ വിദ്യാഭ്യാസം പതിനഞ്ചു പതിനാറു വയസ്സു പ്രായമായ സാധാരണബുദ്ധിശക്തിയുള്ള ഒരു കുട്ടിയെ സ്വന്തഭാഷ തെറ്റുകൂടാതെയും നിഷ്പ്രയാസമായും ശ്രേഷ്ഠഗ്രന്ഥകാരന്മാരുടെ കൃതികൾ പഠിക്കുന്നതിനാൽ ഉളവാകുന്ന സാഹിത്യവിഷയകമായി സൂക്ഷ്മവായ ജ്ഞാനത്തോടു കൂടിയും എഴുതാനും വായിക്കാനും ശക്തനാക്കി തീൎക്കുന്നതായിരിക്കണം. ആ വിദ്യാഭ്യാസത്താൽ അവനു സ്വരാജ്യചരിത്രത്തോടും മനുഷ്യരുടെ ഇടയിൽ സാമുദായികാവസ്ഥ ഉണ്ടാകുന്നതിനുള്ള മൂലപ്രമാണങ്ങളോടും സാമാന്യമായ പരിചയം ലഭിക്കണം. മാനസികശാസ്ത്രത്തിന്റേയും പ്രകൃതിശാസ്ത്രത്തിന്റേയും പ്രധാനതത്വങ്ങളേക്കുറിച്ചു് അറിവുണ്ടാകണം; കണക്കിലേയും ക്ഷേത്രഗണിതത്തിലേയും ആദിപാഠങ്ങളിൽ ഒരുവിധം നല്ല ഗ്രാഹ്യം കിട്ടണം. തൎക്കശാസ്ത്രവുമായി ഉപദേശമാൎഗ്ഗമായിട്ടുള്ളതിനേക്കാൾ ഉദാഹരണമാൎഗ്ഗമായിട്ടു പരിചയം സിദ്ധിക്കണം. സംഗീതവും ചിത്രമെഴുത്തും ആയിട്ടും ഏതാണ്ടു പരിചയം സമ്പാദിക്കേണ്ടതും അതു പ്രവൃത്തിക്കു സഹായിക്കുന്നതിനേക്കാൾ മാനസികാനന്ദാനുഭവത്തിനു് ഉതകുന്നതും ആയിരിക്കും."

ഇങ്ങനെയുള്ള ജ്ഞാനം വളരെ രസകരമായിട്ടുള്ളതു തന്നെയാണ്. "ഞാൻ ഒരു കുട്ടിയായിരുന്ന കാലത്തു മേഘങ്ങളേയും പുല്ലുകളേയും കുറിച്ചു് അറിയണമെന്നും ഇലകൊഴിയുംകാലത്തു് ഇലകളുടെ നിറം മാറുന്നതു് എന്താണെന്നു മനസ്സിലാക്കണമെന്നും എനിക്കു മോഹമുണ്ടായി. എറുമ്പുകൾ, തേനീച്ചകൾ, പക്ഷികൾ, തവളകൾ, പുഴുക്കൾ ഇവയെ ഞാൻ സൂക്ഷ്മതയോടെ പരിശോധിച്ചു. ആൎക്കും അറിഞ്ഞുകൂടാത്തവയോ എന്തെങ്കിലും ഗ്രഹിക്കുന്നതിനു് ആരും ഒട്ടും ശ്രദ്ധിക്കാത്തവയോ ആയ സംഗതികളേക്കുറിച്ചു ചോദിച്ചു ചോദിച്ചു ഞാൻ ആളുകളെ വളരെ കുഴക്കിയിട്ടുണ്ടു്" എന്നു് ഒരു വലിയ ശരീരശാസ്ത്രജ്ഞനായ ജാൺ ഹണ്ടറേപ്പോലെ പറയുന്നതിനു കഴിയാൻ ആൎക്കാണ് ആഗ്രഹം തോന്നാത്തതു്.

ലാക്ക് എന്ന മഹാൻ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉപന്യാസത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "പുസ്തകങ്ങളേക്കുറിച്ചു ഞാൻ ഒരു സംഗതിയെ പറയുന്നുള്ളു. പുസ്തകപാരായണമല്ല വിദ്യാഭ്യാസത്തിന്റെ പ്രധാനഭാഗം. അതിനോടു യോജിപ്പിക്കേണ്ടതു രണ്ടു കാൎയ്യങ്ങൾ കൂടി ഉണ്ടു്. അവ രണ്ടും നമ്മുടെ ജ്ഞാനാഭിവൃദ്ധിക്കു് ഉതവി ചെയ്യുന്നതിൽ പങ്കാളികൾ ആകുന്നു. അവയിൽ ഒന്നു് ആലോചനയും മററതു വാദപ്രതിവാദവും ആകുന്നു. വായനയിൽനിന്നു കിട്ടുന്ന അറിവുകൾ പാകം ചെയ്യാത്ത തനിഉല്പത്തിവൎഗ്ഗങ്ങളേപ്പോലെ ഉള്ളവയാകുന്നു. അവയിൽ പലതും ഉപയോഗമില്ലാത്തവയായി ഉപേക്ഷിക്കപ്പെടേണ്ടതായി വരും. അവയേക്കുറിച്ചു് ആലോചിക്കുന്നതു് വിദ്യാഭ്യാസമഹാഗൃഹത്തിന് ആ തനിഉല്പത്തിസാധനങ്ങളെ ചെത്തിച്ചേത്തും

കൊത്തി ശരിപ്പെടുത്തിയും ഉപയോഗിക്കുന്നതിനു തക്കതാക്കുകയും സ്നേഹിതന്മാരുമായിട്ടുള്ള സംഭാഷണം ആ ഗൃഹത്തിന്റെ അവയവങ്ങൾ തമ്മിലുള്ള യോജിപ്പിനേയും ആനുരൂപ്യത്തേയും നോക്കി അറിയുകയും പണികളുടെ വൈകല്യങ്ങളേയും ഉറപ്പിനേയും പരിശോധിക്കയും പോരാത്തതു കണ്ടുപിടിച്ചു നേരെയാക്കാനുള്ള ഉത്തമമാർഗ്ഗത്തെ കണ്ടുപിടിക്കയും ചെയ്യുന്നതുപോലെ ആകുന്നു. ഇതിനു പുറമെ പരമാർത്ഥങ്ങളെ കണ്ടുപിടിച്ചു നമ്മുടെ ഹൃദയങ്ങളിൽ ഉറപ്പിക്കാനും അതു നമ്മെ സഹായിക്കുന്നു.

ആര്യഭടന്റെ ഗണിതം.

(തുടച്ച്)

(ഐ സി. ചാക്കോ ബി. ഏ. ബി. എസ്. സി,)

സിദ്ധപുരമെവിടെ? യവകോടിയെവിടെ? ലങ്കയിൽ ഉദയമാകുമ്പോൾ അസ്തമയമാകുന്ന സ്ഥലങ്ങൾ മിക്കതും അമ്മേരിക്കായിലായിരിക്കണം. പുരാതനകാലങ്ങളിൽ സമുദ്രതീരങ്ങളിൽ കച്ചവടത്തിനായി നിത്യം സഞ്ചരിച്ചുകൊണ്ടിരുന്ന കപ്പലുകളിൽ ചിലതു് ഏഷ്യായുടെ വടക്കു കിഴക്കേ കോണിലുള്ള വിസ്താരം കുറഞ്ഞ കടലിടുക്കു കടന്നു് അമ്മേരിക്കായിലെത്തി അമ്മേരിക്കായുടെ തീരങ്ങളേയും സന്ദർശിക്കാറുണ്ടായിരുന്നുവെന്നു വിചാരിക്കുന്നതിൽ അസാംഗത്യമെന്താണുള്ളതു്? മിക്കവാറും കര കാണുമാറു കപ്പൽ വിട്ടിരുന്ന ആ കപ്പൽക്കാർ കരയുടെ ഇന്ന ഭാഗത്തു യാത്ര അവസാനിപ്പിക്കണമെന്നു നിർബന്ധിച്ച കാരണമെന്തായിരിക്കാം? അപ്പുറം കാണണമെന്നു മനുഷ്യർക്കു സഹജമായുള്ള കൌതുകത്തെ ഇന്നിടത്തു ചെല്ലുമ്പോൾ അവസാനിപ്പിക്കണമെന്നു് അവധി നിശ്ചയിച്ച ആ ശക്തി എന്തായിരിക്കാം? ഞാനൊന്നും കാണുന്നില്ല. ആലപ്പുഴവരെ വന്ന കപ്പലിനു കൊല്ലംവരെയും, കൊല്ലംവരെ വന്നതിനു കൊളച്ചൽവരെയും ഇങ്ങനെ ക്രമേണ മുമ്പോട്ടു മുമ്പോട്ടു പോകാമായിരുന്നു. ഇങ്ങനെ പോയാൽ ക്രമേണ ബെറിങ്ങ് (Behring) കടലിടുക്കിലും അവിടെനിന്നു് അമ്മേരിക്കയിലും ചെന്നു ചേരാമായിരുന്നു.

ഇതൊക്കെ വെറും ഊഹങ്ങളാണു്. വെറും ഊഹങ്ങൾ സാക്ഷാൽ തത്വങ്ങളിലേക്കു നമ്മെ ചിലപ്പോൾ നയിക്കാറുണ്ടു്. ശാസ്ത്രതത്വങ്ങളെല്ലാം ആദിയിൽ തത്വാന്വേഷകന്റെ ഊഹങ്ങൾ ആയിരുന്നു; ഈ ഊഹങ്ങൾ സത്യാപനംകൊണ്ടു കാലക്രമേണ തത്വങ്ങളായിത്തീരുന്നു. ആകർഷണശക്തി ആദിയിൽ സർ ഐസക് ന്യൂട്ടന്റെ ഒരു ഊഹം മാത്രമായിരുന്നു. ഗണിതാന്വേഷണങ്ങളിൽനിന്നു കിട്ടിയ ബലംകൊണ്ടു് ആ ഊഹം തത്വമായിത്തീർന്നു. എന്നിരുന്നാലും ഊഹങ്ങളെ സത്യാപനംവരെ ഊഹങ്ങൾ എന്നു മാത്രമേ നാം ഗണിക്കാവൂ.

അമ്മേരിക്കായെക്കുറിച്ചു പുരാതനന്മാരായ ഇൻഡ്യാക്കാർക്കു് അറിവുണ്ടായിരുന്നുവെന്ന ഊഹത്തെ ചരിത്രലക്ഷ്യങ്ങൾ ബലപ്പെടുത്തുന്നുവോ എന്നു നോക്കാം. രണ്ടു് അമ്മേരിക്കകളുടേയും മിക്കവാറും മദ്ധ്യമായ മെക്സിക്കോ. ഗാതെമാല (Guatemala) എന്ന ഈ സ്ഥലങ്ങളിൽ ബുദ്ധമതത്തിന്റെ അവശേഷങ്ങൾ കാണാറുണ്ടെന്നു ചില ചരിത്രകാരന്മാർ പറയാറുണ്ടു്. ബുദ്ധമതം ചീനരാജ്യത്തിൽ വളരെ ശതാബ്ദങ്ങൾക്കു മുമ്പു തന്നെ പ്രചാരത്തിൽ വന്നിരുന്നതുകൊണ്ടു ചീനത്തിൽനിന്നു ഞാൻ മുമ്പു് ഊഹിച്ച കടൽമാർഗ്ഗങ്ങളിലൂടെ അതിദൂരമല്ലാത്ത അമ്മേരിക്കയിലെ പരിഷ്കൃതജനസമുദായങ്ങളുടെ ഇടയിലേക്കും അതു വ്യാപിച്ചുവെന്നുള്ളതു സംഭവ്യമാണു്. ആ പദ്ധതിയിൽക്കൂടെ ഗാതെമാല മുതലായ രാജ്യങ്ങൾ ഇൻഡ്യയിലെ തത്വാന്വേഷികൾക്കു വിദിതങ്ങളായിത്തീർന്നു എന്നു വരരുതോ?

രണ്ടായാലും ഒരു വാസ്തവം ഞാൻ പറയാം. ലങ്കയിൽ ഉദയമാകുമ്പോൾ അസ്തമയമാകുന്ന സ്ഥലം ഗാതെമാലരാജ്യത്തിന്റെ തീരത്തിലുള്ള ഒരു പട്ടണമായിരിക്കാമെ

ന്നു സൂക്ഷ്മങ്ങളായ ഇപ്പോഴത്തെ ഭൂപടങ്ങളിൽനിന്നു കാണാവുന്നതാണ്. ഗാതെമാലയുടെ തെക്ക് ഈ ലക്ഷണമൊക്കുന്ന പ്രദേശം സമുദ്രമാണ്; അവിടെനിന്നു വളരെ വടക്കോട്ടു പോയാൽ സമുദ്രതീരങ്ങളിൽനിന്നു വളരെ ദൂരത്തിൽ കിടക്കുന്ന ഉൾപ്രദേശങ്ങളുമായിരിക്കും. ഗാതെമാല എന്ന സംജ്ഞയ്ക്കു ബുദ്ധൻെറ മറെറാരു പേരായ ഗൌതമശബ്ദത്തോടു സംബന്ധമുണ്ടെന്നും ചില ചരിത്രകാരന്മാർ പറയാറുണ്ട്. ഇൻഡ്യൻ ജ്യോതിഷഗ്രന്ഥങ്ങളിൽ കാണുന്ന സിദ്ധപുരം ഗാതെമാലയിൽ ആയിരുന്നുവെന്നു വരരുതോ?

സൂര്യസിദ്ധാന്തത്തിൽ യവകോട്യാദി നഗരങ്ങളെ ഇങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നതു്.

"ഭൂവൃത്തപാദേ പൂർവസ്യാം യവകോടീതി വിശ്രുതാ
ഭദ്രാശ്വവർഷേ നഗരീ സ്വർണ്ണപ്രാകാരതോരണാ
യാമ്യായാം ഭാരതവർഷേ ലങ്കാ തദ്വന്മഹാപുരീ
പശ്ചിമേ കേതുമാലാഖ്യേ രോമകാഖ്യാ പ്രകീർത്തിതാ
ഉദക്‌സിദ്ധപുരീ നാമ കുരുവർഷേ പ്രതിഷ്ഠിതാ
തസ്യാം സിദ്ധാ മഹാത്മാനോ നിവസന്തി ഗതവ്യഥാഃ".

വളരെ ശതാബ്ദങ്ങൾക്കു മുൻപെഴുതപ്പെട്ടതും അതിൽ പിന്നീട് അല്പജ്ഞന്മാരായ പകർപ്പെഴുത്തുകാരാൽ പൊടിഞ്ഞതോ മാഞ്ഞതോ ആയ ഗ്രന്ഥങ്ങളിൽനിന്നു പലതവണ പകർത്തപ്പെട്ടതുമായ ഒരു ഗ്രന്ഥത്തിൽ പാഠഭേദകളും മററും ആരുമറിയാതെ ചിലപ്പോൾ വന്നു കൂടാമല്ലോ. സൂര്യസിദ്ധാന്തത്തിൽനിന്നു ഞാൻ മേലുദ്ധരിച്ചിരിക്കുന്ന ശ്ലോകങ്ങളിൽ ചില മറിവുകൾ വന്നുപോയിട്ടില്ലയോ എന്നു ഞാൻ ബലമായി സംശയിക്കുന്നു.

"പശ്ചിമേ കുരുവർഷാഖ്യേ രോമകാഖ്യാ പ്രകീർത്തിതാ
ഉദക്‌സിദ്ധപുരീ നാമ കേതുമാലേ പ്രതിഷ്ഠിതാ."

എന്നല്ലായിരുന്നോ പൂർവ്വപാഠം? ഈ പാഠം സ്വീകരിച്ചാൽ നമ്മുടെ വാദത്തിന്മേൽ സ്വല്പമൊരു പ്രകാശം വന്നുദിക്കുന്നതാണ്. രോമകപട്ടണം കുരുവർഷത്തിലും സിദ്ധപുരി കേതുമാലത്തിലും ആണെന്നാണപ്പോൾ അർത്ഥമാകുന്നത്. കേതുമാലം അമ്മേരിക്കയിലുള്ള ഗാതെമാല (Guatemala) തന്നെയാണെന്നു വരാമല്ലോ; "ഉദയോ യോ ലങ്കായാം" ഇത്യാദി ശ്ലോകപ്രകാരം സിദ്ധപുരി ഗാതെമാലയിൽ ആയിരിക്കണമെന്നു നാം മുമ്പേ തന്നെ സ്ഥാപിച്ചിട്ടുമുണ്ടല്ലോ.

പക്ഷേ, കുരുവർഷമെന്നതു് അപ്പോൾ റോമരാജ്യമായിരിക്കണം; അതു രോമകപട്ടണമിരിക്കുന്ന രാജ്യമായിരിക്കണമല്ലോ. റോമാരാജ്യത്തിന് കുരുവർഷമെന്ന പേരു ശക്യമായ ഒരു സംജ്ഞയാണെന്നു സകാരണം തെളിയിക്കാവുന്നതാണ്. പുരാതനകാലങ്ങളിൽ റോമയിലെ ജനങ്ങൾ മുപ്പതു വിഭാഗങ്ങളായിട്ടു വിഭജിക്കപ്പെട്ടിരുന്നു. ഈ ഓരോ ഭാഗത്തിനും കുരിയ (Curia) എന്നായിരുന്നു പേര്. അക്കാലങ്ങളിൽ റോമാരാജ്യത്തിലെ സകലരാജ്യകാര്യങ്ങളും ഈ കുരിയകളുടെ പ്രതിനിധികൾ കൂടിയ ഒരു സഭയായിരുന്നു നടത്തിക്കൊണ്ടിരുന്നതു്. ഇക്കാരണംകൊണ്ടു റോമജനങ്ങളെ കുരിയക്കാർ എന്നർത്ഥം വരുന്ന കുരിയാത്തി (Curiatii) എന്ന് അന്യരാജ്യക്കാർ വിളിച്ചിരുന്നുവെന്നു റോമചരിത്രത്തിൽ അതിനിപുണന്മാരായ മോംസേൻ (Mommsen) മുതലായ ഗ്രന്ഥകാരന്മാർ പറയുന്നു. കുരുവർഷം എന്ന സംജ്ഞയിലെ "കുരു"ശബ്ദം ലത്തീനിലെ ഈ "കുരിയ" (Curia) ശബ്ദത്തിൻെറ തത്ഭവമാണെന്നാണ് എനിക്കു തോന്നുന്നതു്. ഇങ്ങനെയാണെങ്കിൽ കുരുവർഷം റോമരാജ്യം തന്നെയാണെന്നുള്ളതു സ്പഷ്ടമാണല്ലോ.

ഇനിയും യവകോടി എവിടെയാണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ലങ്കയിലുദയമാകുമ്പോൾ മദ്ധ്യാഹ്നമാകുന്ന സ്ഥലമാണ് യവകോടി. "ഭൂവൃത്തപാദേ പൂർവസ്യാം" എന്നാണ് മയാചാര്യൻ പറയുന്നതു്. അതായതു ഭൂവൃത്തത്തിൻെറ നാലിലൊന്നു ലങ്കയിൽനി

ന്നു കിഴക്കോട്ടു മാറിയിരിക്കണം. ഈ ദേശാന്തരം (Longitude) അല്ലെങ്കിൽ ആയതി "മധ്യാഹ്നോ യവകോട്യാം" എന്ന ആര്യഭടവചനത്തിൽനിന്നു തന്നെ സ്പഷ്ടമാണല്ലോ. പക്ഷെ, ഈ ദേശാന്തരമുള്ള പല സ്ഥലങ്ങളുണ്ട്. സമുദ്രതീരങ്ങളോടടുത്ത സ്ഥലങ്ങളായിരിക്കണം പുരാതനദേശസഞ്ചാരികൾക്കധികം പരിചയപ്പെട്ടിരുന്നത്. എന്നു തന്നെയുമല്ലാ കോടിയെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു കടലിലേക്കു തള്ളിനിൽക്കുന്ന വല്ല മുനമ്പത്തുമായിരിക്കണം യവകോടി സ്ഥിതിചെയ്തിരുന്നതെന്നു ഞാൻ ഊഹിക്കുന്നു. ഭൂപടം നോക്കിയിട്ടു കാംചാററ്കാ (Kamchatka) എന്ന ഉപദ്വീപത്തിനു യവകോടിയുടെ ആസ്ഥാനമാകത്തക്ക ലക്ഷണങ്ങളുള്ളതായി കാണപ്പെടുന്നു. ചീനത്തിനപ്പുറവും ബേറിങ്ങ് (Bhering) കടലിടുക്കിനിപ്പുറവും ഉള്ള ഏതോ ഒരു മുനമ്പത്തായിരിക്കണം യവകോടിയിരുന്നിരുന്നത്; ഇത്രയും ജ്യോതിഷലക്ഷണംകൊണ്ടു മാത്രം അനുമേയമാണ്. ചീനത്തിൽ ബുദ്ധമതം പ്രചുരമായി പ്രചരിക്കുമാറു്, ഇൻഡ്യയും ചീനവുമായി സംബന്ധമുണ്ടായിരുന്ന കാലത്തു ചീനത്തിനു സ്വല്പമപ്പുറമുള്ള യവകോടിയെന്ന ഒരു പട്ടണം ഇൻഡ്യാക്കാർക്കു പരിചയമുള്ളതായിരുന്നുവെന്നു വിചാരിക്കുന്നതിൽ എന്താണ് അസാംഗത്യമുള്ളത്?

രോമകാരിപട്ടണങ്ങളെക്കുറിച്ചുള്ള എന്റെ ഈ വിമർശനത്തിൽ അങ്ങുമിങ്ങും തെറ്റുകൾ ഉണ്ടായിരുന്നേക്കാം; എന്റെ ഊഹങ്ങളും അനുമാനങ്ങളും എല്ലാം ശരിയാണെന്നെനിക്കു വാദമില്ല; പുരാതനന്മാരെ കുറിച്ചുള്ള ബഹുമാനത്തിൽ എന്റെ യുക്തി മുഴുവൻ നിമഗ്നമായിപ്പോയെന്നും വന്നേക്കാം. എന്നിരുന്നാലും സാക്ഷാൽ ശാസ്ത്രദൃക്കുകളായ ആര്യഭടാദികളാൽ വിവരിക്കപ്പെട്ടിരിക്കുന്ന യവകോട്യാദിപട്ടണങ്ങൾ വെറുംസങ്കല്പപട്ടണങ്ങളായിരുന്നുവെന്നു സമ്മതിക്കാൻ ഞാൻ സന്നദ്ധനല്ല. ഒരു സങ്കല്പലങ്കയെ സങ്കല്പിച്ചതിൽ ജ്യോതിഷസംബന്ധമായ ഉദ്ദേശ്യമുണ്ട്; എന്നാൽ അതുപോലെ സിദ്ധപുരത്തെയും മറ്റും സങ്കല്പിച്ചിട്ടൊരു കാര്യവുമില്ല. മിതവാക്കുകളായ ആചാര്യന്മാർ കാര്യമില്ലാതെ ഒന്നും പറയുമെന്നു തോന്നുന്നില്ല. "ഉദയോ യോ ലങ്കായാം" ഇത്യാദി ശ്ലോകം ഭൂമിയുടെ ഗോളത്വത്തെ ഉദാഹരണപൂർവ്വം സ്പഷ്ടമാക്കുന്നതിനായിരിക്കണം ആചാര്യൻ ഉപദേശിച്ചിരിക്കുന്നത്. ഉദാഹരണത്തിനായി എടുക്കുന്ന പട്ടണങ്ങൾ സങ്കല്പപട്ടണങ്ങളായിരിക്കാൻ ഇടയില്ലല്ലോ.

ഈ ഉപന്യാസം ഇപ്പോൾ തന്നെ വളരെ ദീർഘമായിരിക്കുന്നു. ആയതുകൊണ്ട് ആര്യഭടന്റെ ഒരു ശ്ലോകം കൂടെ ഉദ്ധരിച്ചു വിമർശനം ചെയ്തതിന്റെ ശേഷം ഈ ഉപന്യാസം തൽക്കാലം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

നാമിപ്പോൾ ഉത്തരധ്രുവമെന്നും ദക്ഷിണധ്രുവമെന്നും പറയുന്നതാണ് ആചാര്യന്മാരുടെ മേരുവും ബഡവാമുഖവും എന്നു മുൻപേ തന്നെ നാം സാധിച്ചിട്ടുണ്ടല്ലോ. ദേവന്മാർ (അമരന്മാർ) മേരുവിലും പ്രേതങ്ങൾ (മരന്മാർ) ബഡവാമുഖത്തിലും പാർക്കുന്നുവെന്നുള്ള വേദവാദം ജ്യോതിഷതത്വങ്ങൾക്കു വിപരീതമല്ലായ്കയാൽ ആ വാദത്തെ ആര്യഭടൻ സ്വീകരിച്ചിരിക്കുന്നുവെന്നു നാം പറഞ്ഞുകഴിഞ്ഞല്ലോ. ആചാര്യൻ ഇങ്ങനെ പറയുന്നു.——

"രവിവർഷാർദ്ധം ദേവാഃ പശ്യന്ത്യുദിതം തഥാ പ്രേതാഃ
ശശിമാസാർദ്ധം പിതരശ്ശശിഗാഃ കുദിനാർദ്ധമിഹ മനുജാഃ."

ദേവന്മാർ അരവർഷം സൂര്യൻ ഉദിച്ചുനിൽക്കുന്നതായിട്ടു കാണുന്നു; അപ്രകാരം തന്നെ പ്രേതങ്ങളും (അരവർഷം സൂര്യൻ ഉദിച്ചുനിൽക്കുന്നതായി കാണുന്നു.) ചന്ദ്രനിൽ താമസിക്കുന്ന പിതൃക്കൾ അരച്ചന്ദ്രമാസകാലത്തോളം (സൂര്യൻ ഉദിച്ചുനിൽക്കുന്നതായി കാണുന്നു.) ഇവിടെയുള്ള മനുഷ്യർ ഭൂദിനത്തിന്റെ പകുതിഭാഗം നേരം (സൂര്യൻ ഉദിച്ചുനിൽക്കുന്നതായിട്ടും കാണുന്നു.)

ഇവിടെ ദേവശബ്ദത്തിനും പ്രേതശബ്ദത്തിനും ഉത്തരധ്രുവത്തിലും ദക്ഷിണധ്രുവത്തിലും നിൽക്കുന്നവർ എന്നു മാത്രമേ അർത്ഥമെടുക്കേണ്ടൂ. ഉത്തരധ്രുവത്തിൽ നിൽക്കുന്നവർക്കു മേടം മുതൽ തുലാം വരെ സൂര്യൻ ഉദിച്ചുനിൽക്കുന്നതു കാണാം; ദക്ഷിണധ്രുവത്തിൽ നിൽക്കുന്നവർക്കു ശേഷം മാസങ്ങളിലും സൂര്യൻ അസ്തമിക്കാതെ നിൽക്കുന്നതു കാണാം.

ഇതു തന്നെയാണ് നവീനശാസ്ത്രസിദ്ധാന്തവും ധ്രുവസഞ്ചാരികളുടെ പരിചയവും. നവീനശാസ്ത്രസിദ്ധാന്തപ്രകാരം ചന്ദ്രഗോളത്തിന്റെ ഒരേ അർദ്ധം തന്നെയാണ് എല്ലായ്പോഴും ഭൂമിക്കഭിമുഖമായിട്ടു നില്ക്കുന്നതു്; കുഴൽക്കണ്ണാടികളിൽ കൂടെ നോക്കിക്കൊണ്ടിരുന്നാൽ ഈ തത്വം ഗ്രഹിക്കാവുന്നതാണ്. ഇങ്ങനെയിരിക്കെ, ചന്ദ്രനിലെവിടെയെങ്കിലും ഒരിടത്തു താമസിക്കുന്നവർക്ക് അരച്ചന്ദ്രമാസക്കാലത്തോളം ഭംഗം കൂടാതെ സൂര്യനെ കാണാം. (ഒരു ചന്ദ്രമാസമെന്നു പറയുന്നതു ചന്ദ്രൻ ഭൂമിയെ ഒരിക്കൽ പ്രദക്ഷിണം ചെയ്യുന്നതിനു വേണ്ടിവരുന്ന കാലമാണ്; ഇതേകദേശം 28 ദിവസമാണ്.) എന്തുകൊണ്ടെന്നാൽ; ഒരു ചന്ദ്രമാസത്തിനുള്ളിൽ ചന്ദ്രൻ സൂര്യനെ അപേക്ഷിച്ച് ഒരിക്കൽ ഭ്രമിക്കും. ഈ ഒരു ഭ്രമണത്തിന്റെ പകുതിക്കാലം ചന്ദ്രബിംബത്തിന്റെ ഏതെങ്കിലുമൊരു സ്ഥാനത്തു നില്ക്കുന്നവർക്കു സൂര്യനെ കാണാമായിരിക്കണം. അതുകൊണ്ടു "ശശിമാസാർദ്ധം പിതരശ്ശശിഗാഃ" എന്നുള്ള ആ പൂർവ്വവാക്യം നവീനശാസ്ത്രസിദ്ധാന്തത്തിന്നനുരൂപമായിത്തന്നെയിരിക്കുന്നു. "കുദിനാർദ്ധമിഹ മനുജാഃ" എന്നതിലെ "ഇഹ" സങ്കല്പലങ്കയെ ഉദ്ദേശിച്ചായിരിക്കണം ഉപയോഗിച്ചിരിക്കുന്നതു്. ഭൂമിയുടെ മദ്ധ്യരേഖയിൽ പാർക്കുന്നവർ മാത്രമേ എല്ലായ്പോഴും ഒരു കുദിനത്തിൽ (ഭൂമിയൊന്നു കറങ്ങുന്നതിനുള്ള കാലം; അതായതു്, നമ്മുടെ സാധാരണ ദിവസം) സൂക്ഷ്മമായി കുദിനാർദ്ധം സൂര്യനെ കാണുകയുള്ളു. മദ്ധ്യരേഖയ്ക്കു തെക്കും വടക്കും താമസിക്കുന്നവരുടെ പകൽ എല്ലായ്പോഴും സൂക്ഷ്മമായി കുദിനാർദ്ധമായിരിക്കയില്ലെന്നു നമുക്കറിയാമല്ലോ. നമ്മുടെ തിരുവിതാംകൂറിൽ തന്നെ ഉത്തരായണകാലങ്ങളിൽ പകൽ കുദിനാർദ്ധത്തെക്കാൾ കൂടുതലും ദക്ഷിണായനകാലങ്ങളിൽ കുറവുമാണെന്നു നമുക്കു പരിചയംകൊണ്ടറിയാമല്ലോ. ഈ ഉത്തരായണകാലം മുഴുവനും ആയ ആറു മാസങ്ങളിലാണ് ദേവന്മാരുടെ പകൽ; അപ്പോഴാണ് പ്രേതങ്ങളുടെ രാത്രി. ദക്ഷിണായനകാലം മുഴുവൻ പ്രേതങ്ങൾക്കു പകലും ദേവന്മാർക്കു രാത്രിയുമാകുന്നു.

ഈ ഉപന്യാസത്തിൽ ആര്യഭടീയത്തിലെ ഗണിതപാദത്തെക്കുറിച്ചുള്ള ഭാഗം ഗണിതപ്രിയന്മാരല്ലാത്ത മിക്ക വായനക്കാരെയും അത്യന്തം മുഷിപ്പിച്ചുകാണണം. ഈ മുഷിച്ചിൽ ഗോളപാദനിരൂപണംകൊണ്ടു തീർത്തിട്ടുണ്ടെങ്കിൽ ഞാൻ കൃതാർത്ഥനായി. ഗണിതപാദത്തിലും ഗോളപാദത്തിലുമുള്ള ഉന്നതങ്ങളായ പ്രമേയങ്ങളെ ഞാൻ മനഃപൂർവ്വം വിമർശനത്തിൽനിന്നു വിട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ; ആർക്കും രസമില്ലാത്ത വിഷയങ്ങളായ വ്യാകരണം, ഭാഷാവിജ്ഞാനീയം, ഭൌമീയം (="ഭൂഗർഭശാസ്ത്രം") ഇത്യാദികളിലുള്ള പ്രതിപത്തികൊണ്ടു് എന്റെ സ്നേഹിതന്മാരുടെ ഇടയിൽ എനിക്കൊരു കുപ്രസിദ്ധിയുണ്ടു്; ഈ കുപ്രസിദ്ധിയെ അതിക്ലിഷ്ടമായ ഗണിതപ്രമേയങ്ങൾകൊണ്ടു ദൃഢീകരിച്ചു ജനവർജ്ജ്യനായിത്തീരരുതെന്നു് എനിക്കൊരഭിലാഷമുണ്ടു്.

ശുഭമസ്തു.

ശബരിഗിരിയാത്ര

(തുടൎച്ച)

(പന്തളത്തു കേരളവർമ്മതമ്പുരാൻ)

വിരുതുടയൊരു വിശപാധിശനാം ഭൂതനാഥൻ-
തിരുവടി മരുവീടും ക്ഷേത്രമാപിച്ചുടൻ ഞാൻ
നിരുപമജലമോലും നിമ്നഗാതല്പജത്തിൽ-
പ്പുരുരസമൊടു മുങ്ങി മാർഗ്ഗതാപങ്ങൾ നീങ്ങി.

സാപ്പാടിനുള്ളതു സമസ്തമതാതുദിക്കി-
ലേപ്പാടു ചെയ്തു നിമിത്തമമാന്തമെന്യേ
കാപ്പാനൊരുങ്ങി മരുവും കുലദൈവതത്തിൻ-
കാൽപ്പാവനം തൊഴുതു തൃപ്തി കലർന്നശിച്ചേൻ.

മദ്ധ്യാഹ്നാക്കകരോരദീധിതി കടന്നപ്പാരിടത്തെപ്പരം
ബദ്ധാമർഷമെതൃത്തതിൽ ഫലമുദിക്കില്ലെന്നു തെല്ലാധിയാൽ
ഇദ്ധാടോപമകന്നു മന്ദത മുറയ്ക്കാപിക്കവേ മുത്തിയ-
ന്നദ്ധാ മല്ലരിവാരപാളിയൊടുമൊത്തപ്പോൾ പുറപ്പെട്ടു ഞാൻ.

പൊക്കമുള്ള മലകൾക്കു താഴെയായ് പുഷ്കലാഭമൊടു റോട്ടു പുത്തനായ്
ഉൽക്കടസ്ഥലിയിലും ലസിപ്പതെന്നുൾക്കളത്തിലുളവാക്കി വിസ്മയം.

കാടായിട്ടു കിടന്നൊരാക്കഠിനഭൂദേശത്തിലെങ്ങും കട-
ന്നീടാളും വ്യവസായസദ്ധുരമിയന്നീടും ധരാശ്രേണികൾ
പാടാണെന്നു പരുങ്ങിടാതെ പലപാടും വൻശ്രമം ചെയ്കയാൽ
വാടാപ്പൂമ്പുകൾ പൂണ്ടിടും കമലതൻവീടാക്കിയപ്പാരിടം.

തരുണാഭയൊടസ്ഥലത്തു റബ്ബർത്തരുജാലങ്ങളടുത്തടുത്തസംഖ്യം
ഒരുപോലെ വളർന്നു നില്പതപ്പോളരുളീ കണ്ണിനു കൌതുകാഭിവർഷം.

പട്ടാളക്കാർ ശരിവരെ വരിക്കൊത്തു ഭാഗിച്ചു നിക്കും
മട്ടായിത്തൽ തരുണതരുജാലങ്ങളക്കുന്നിലെങ്ങും
തപിട്ടാന്നിടുംപടി പടുജനവ്രാതങ്ങൾക്കങ്ങളായി-
ദ്ദൃഷ്ടാക്കൾക്കുൾപ്രമദഭരമസ്തോകമായ്ത്തുകിനിപ്പൂ.

കോട്ടം കൈവിട്ടവിടെ വളരും റബ്ബർവൃക്ഷങ്ങൾ സൃഷ്ടി-
ച്ചീടും ക്ഷീരം കറയുടനെടുത്തൊക്കയും ശുദ്ധിയാക്കാൻ
നോട്ടത്തോടും പല നിലയനം തീർത്തു യന്ത്രങ്ങൾ കൂട്ടി-
ത്തോട്ടക്കാരൊട്ടനവധി വസിക്കുന്നതീക്ഷിച്ചു ഞങ്ങൾ.

മലകൾക്കിടയ്ക്കു മഹിതങ്ങളായിട്ടു നിലയങ്ങൾ മററു സുഖവസ്തു നിസ്തുലം
പലതും വിശിഷ്യ വിലസുന്നൊരാ സ്ഥലം വലശാസനോപവനമായിരിക്കുമോ?

തടമുടയൊരു തത്തരുപ്രകാണ്ഡം തടവുമൊരാസ്ഥലി കണ്ടുകണ്ടമന്ദം
സ്ഫുടരസമൊടു ഞങ്ങൾ സാന്ധ്യരോചിസ്സുടയവെയാന്നിതു 'ളാക'യെന്ന ദിക്കിൽ.

സൽക്കാമത്തൊടു വന്യഭൂമി ഭരണം ചെയ്തീടുവോരാകുമ-
സ്സൽക്കാരാളുകളെത്തി വാഴുവതിനായ് നിർമ്മിച്ച സന്മന്ദിരം
തൽക്കാലം തടവററണഞ്ഞു പരിവാരത്തോടുമാത്താദരം
സൽകാരോചിതമാകുമസ്ഥലിയിൽ ഞാനാ രാത്രി പോക്കീടിനേൻ.

വിഭാവസു വിലാസമോടുദയശൈലമാന്നിടുമ-
പ്രഭാതസമയത്തിൽ മുമ്പിവരുണർന്നു യാത്രയ്ക്കുടൻ
പ്രഭാപതിപദാംബുജം മനസി ചേർത്തുമോത്താദരാൽ
ശുഭാവഹമഹാടവീസ്ഥലിയിലായ്ത്തിരിച്ചീടിനാർ.

അടവിയിലവിടെക്കോരസതാചരടതടവീടില്ലമൊട്ടതിൻനടുക്കായ്
സ്ഫുടരുചി കലരുന്ന റോട്ടു കാണ്ടേൻ കടലിൽ വിളങ്ങിയ രാമസേതുപോലെ.

അരുണകിരണജാലം പാരിൽ മെല്ലെപ്പരന്നി-
ട്ടുരുതെളിവുളവാകുന്നേരമീ ഞങ്ങൾ വേഗം
പെരുകിന ശിലയെങ്ങും ഭംഗിയിൽത്തങ്ങി നിൽക്കും
നിരുപമരുചിരാങ്ങാമ്പാറ,യാം ദിക്കിലെത്തി.

ചെറിയ തടികൾ തേടിക്കൊണ്ടുവന്നാഴികൂട്ടി-
പ്പരിണതരുചിയാമപ്പാവകൻ കത്തിനിൽക്കേ
തരിമലരവൽ മററും ഭോജ്യവസ്തുക്കൾ വാരി-
പ്പൂരിവരെയിവരെല്ലാം തത്ര തീയിൽ ചൊരിഞ്ഞാർ.

ഹരിഹരതനയ ശ്രീഭൂതനാഥപ്രഭോ! സൽ-
ഗിരിശിഖരനിവാസിൻ വാസവാഭ്യർച്ചിതാംഘ്രേ
അരിയശരണമങ്ങാണെന്നു താരസ്വരത്തിൽ
പരിസരമതിലെല്ലാം പുണ്യഗീതം മുഴങ്ങി.

അവ്യയപ്രഭയൊടുജ്ജ്വലിച്ചിട്ടും ഹവ്യവാഹനെ വലത്തുവെച്ചുടൻ
നവ്യകാനനതലത്തിലൂടെ നാമവ്യഥം സപദി യാത്ര ചെയ്തുതേ.

അപ്പുറമുള്ള മഹാടവിയത്ഭുതസത്വദ്രുമങ്ങൾ തിങ്ങുകയാൽ
നൽപ്പുതുദർശനകൗതുകികളുൾപ്പുളകം പൂണ്ടു ഞങ്ങൾ നടകൊണ്ടാർ.

ഉന്നതമാമലകൾക്കിടയ്ക്കിടയിലായ് വമ്പിച്ച കുംഭീന്ദ്രരും
ശീഘ്രം ചാടി നടന്നിടും കപികളും കാലാഹിജാലങ്ങളും
വ്യാഘ്രം വൻപുലി കാട്ടുപോത്തു കരടിക്കൂട്ടങ്ങൾ ചെന്നായ്ക്കളും
പാർക്കുന്നങ്ങതു പാർക്കിലാർക്കുമുളവാമുൾക്കമ്പമേകാലവും.

ഉച്ചത്തിൽത്തിങ്ങി നിൽക്കും തരുനിര തരസാ ചെന്നു വാനാക്രമിച്ചി-
ട്ടീഷത്സ്മേരോല്ലസിക്കുന്നതുമവയിൽ മരഞ്ചാടികൾക്കുള്ള കൂട്ട-
സ്വച്ഛന്ദം കൂത്തടിക്കുന്നതുമതുലമുദാ നോക്കി നോക്കിച്ചിരിച്ചി-
ട്ടച്ഛാന്ധാരണ്യമാർഗ്ഗശ്രമമവിടെയിവർക്കേതുമന്നേശിയില്ല.

ഉണങ്ങിയ മഹാതരുപ്രകരമങ്ങിടയ്ക്കൊക്കെയും
പിണങ്ങിയ വിധത്തിലാവഴി തടഞ്ഞു താഴത്തുതാൻ
തൃണങ്ങളെയമർത്തിടുംപടി പതിച്ചു പാന്ഥർക്കു തൽ-
ക്ഷണം ഗതി വിഘാതമന്നരുളിമാർഗ്ഗസംരോധികൾ.

ആണെന്നാലിവിടെക്കടപ്പതിനണഞ്ഞീടട്ടെ ചണ്ഡാംശുമാൻ
കാണട്ടെ കരശക്തിയെന്നു കരളിൽ കൂസാതെ ദുസ്സാധ്യമായ്
ശോണശ്രീ തളിർ പൂണ്ട വല്ലരികളൊത്തക്ഷുദ്രവൃക്ഷങ്ങള-
ക്ഷീണം തിങ്ങിയ കാനനങ്ങളരുളി കണ്ണിന്നു പൂർണ്ണോത്സവം.

അടവിയിൽപ്പെട്ടമാക്കട്ടമാർഗ്ഗമൊട്ടിടയിൽ വൻതൃണസന്തതി മൂടിയും
ദൃഢശിലാശതസങ്കുലമായുമുൾക്കടതരം തരുവേരുകൾ തിങ്ങിയും.

പതിതശുഷ്കതൃണം പഥി മർമ്മരശ്രുതികടുസ്വനമോടിട കൂടിയും
പുതിയ വള്ളികൾ മുള്ളുകളാർന്നു തൽക്ഷിതിയടച്ചു ചൊടിച്ചു നിരന്നുമേ.

ഈ മട്ടങ്ങിനെ ദുർഘടാടവിയിലും ശ്രീഭൂതനാഥസ്തവം
ക്ഷേമപ്രാർത്ഥനയോടു ചെയ്തു ശരണം ശാസ്താവുതാനെന്നുടൻ
കാമം ചേതസി ചിന്ത ചെയ്തു ഗതി ചെയ്തീടുന്നൊരീപ്പാന്ഥരിൽ
ധീമന്ദത്വവുമത്തലും ഭയവുമന്നേതും ഭവിച്ചില്ലഹോ.

അടവികൾ പലതേവം വീതശങ്കം കടന്നി-
ട്ടുടനടി ശിലതിങ്ങും 'മേമലപ്പാറ' തന്നിൽ
സ്സുടരസമൊടണഞ്ഞിട്ടല്പമാശ്വിശ്രമിച്ചി-
ട്ടടനമഥ തുടർന്നാർ പിന്നെയും ഞങ്ങളെല്ലാം.

അർത്തും ശ്രീശബരീശപാദകമലം ചിത്തത്തിൽ മാറാതെക-
ണ്ടാർത്തും ചിത്രമകൃത്രിമപ്രകൃതിഭാസ്സാർന്നീടുമക്കാനനം
പാർത്തും പാർത്തലവാസമിസ്ഥലവിശേഷാലോകനത്താൽ സ്വയം
പേർത്തും സൽഫലപൂർണ്ണമെന്നമിവരന്നാനന്ദസമ്മഗ്നരായ്.

കുഴിയാണു നോക്കിലൊരു ദിക്കതത്ര വമ്പൊഴിയാത്ത കുന്നു മറുഭാഗമീ വിധം
വഴി വന്യഭൂവിലതിദുർഗ്ഗമെങ്കിലും മിഴികൾക്കു മോദമുളവാക്കി നിർഭരം.

മലയുടെ ചെരുവിൽക്കൂടിപ്പല പല ഭ്രൂഭംഗി കണ്ടു കുതുകികളായ്
കല പുലികളിഭം കരടികൾ,കലരുമൊരക്കാനനത്തിൽ നടകൊണ്ടാർ.

താല്പര്യത്തൊടു താദൃശസ്ഥലി സദാ പാലിക്കുമസ്വാമിതൻ.
കാല്പത്മം കരുതിക്കരൾത്തളിർ തളർന്നിടാതെ വാടാതെ നാം
തോല്പന്തിൻപടിവൃത്തശൈലാദ്രിശിഖരവ്രാതങ്ങൾ നോക്കി ക്ഷണം
പ്ലാപ്പളളിക്കുള,മെന്നപെശലമതാം ദേശത്തിലെത്തീടിനേൻ.

ഉണ്ണുനീലിസന്ദേശം.

IV

(പി. കെ. നാരായണപിളള ബി. എ. ബി. എൽ)

"യൽ സത്യം തൽഭവതു" ഇത്യാദി ശ്ലോകം ലീലാതിലകത്തിൽ അപശബ്ദത്തിനുദാഹരണമായി നാലാം ശില്പത്തിൽ ഉദ്ധരിച്ചുകാണുന്നു. ഇതുകൊണ്ടു ലീലാതിലകത്തിനു മുമ്പാണിതിന്റെ നിർമ്മിതി എന്നു നിശ്ചയിക്കാം. പക്ഷെ ലീലാതിലകത്തിന്റെ കാലവും കർത്താവും നിർണ്ണയിക്കുന്നതിനുളള സാമഗ്രികൾ ഇനിയും കിട്ടീട്ടില്ലാത്ത സ്ഥിതിക്ക് ഇതുകൊണ്ടു വലുതായ പ്രയോജനമില്ല. ലീലാതിലകത്തിന്റെ ആവിഷ്കരണം ഭാഷാസാഹിത്യത്തിൽ പ്രയത്നിക്കുന്നവരുടെ അന്വേഷണബുദ്ധിയെ ഉത്തേജനം ചെയ്യുന്നതിനു വിലയേറിയ സാഹായ്യമായിരിക്കുമെന്ന് ഇനിക്കു തോന്നുന്നു. ലുപ്തപ്രചാരമായ ഗ്രന്ഥങ്ങളേയും വിസ്മൃതപ്രായമായ ഒരു സാഹിത്യഘട്ടത്തേയും പററി അതിൽനിന്നു സിദ്ധിക്കുന്ന മന്ദപ്രകാശം മഹാന്മാർ അനുഗ്രഹിക്കുന്ന പക്ഷം ഉദ്ദീപനംകൊണ്ടു നമ്മേ വിസ്മയിപ്പിക്കുമെന്നു വിശ്വസിക്കാം.

"ആററൂർ നീലി വിരഹവിഷയേയാണിരത്യന്തകാമീ
മാത്തൂർ ജാതോ മദനവിവശസ്ത്വക്തവാന്തുണറക്കെണ"

"സ്വഭ്രേപൂർവ്വം മഹിതനൃപതേർവ്വിക്രമാദിത്യനാമ്നഃ
പോക്കാം ചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ"

"മാരൻ മാനിച്ചണിയുമുടവാൾ മഞ്ജിരീമുണ്ണിയാടീ
ഓരോ വിദ്യാരവലരിതംകൊണ്ടു കൊണ്ടാട്ടമേടം"

ഇത്യാദി ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുളളവ ഉണ്ണുനീലിസന്ദേശം പോലെയുളള മററു കൃതികളിൽനിന്നാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ജയസിംഹപുത്രനായ രവിവർമ്മചക്രവർത്തി പാണ്ഡ്യരാജകുമാരിയെ വിവാഹം ചെയ്തതായി ഒരു ശ്ലോകം ലീലാതിലകത്തിൽ ഉദ്ധരിച്ചുകാണുന്നതുകൊണ്ടു 500-ാമാണ്ടേക്കു ശേഷവും പ്രസിദ്ധപ്പെട്ട പുനംനമ്പൂരിയുടെ കൃതികളിൽനിന്നു യാതൊന്നും ഉദ്ധരിച്ചിട്ടുളളതായി കാണാൻ കഴിയാത്തതുകൊണ്ടു 650-ാമാണ്ടിനു മുമ്പായും ലീലാതിലകം രചിച്ചിരിക്കാമെന്നു തോന്നുന്നു. ഉണ്ണുനീലിസന്ദേശകാലം മേൽ നിർണ്ണയിച്ചതു ശരിയാണെങ്കിൽ ടി കാലാന്തരാളത്തേ കുറേക്കൂടി ചുരുക്കി 550-ാമാണ്ടേക്കു ശേഷം പ്രസ്തുതകൃതി നിർമ്മിച്ചിരിക്കണമെന്നും പറയാവുന്നതാകുന്നു.

പ്രകൃതപ്രകൃതിയുടെ നിർമ്മിതി ലീലാതിലകത്തിനു മുമ്പ് എന്നുളളതു പോലെ തന്നെ ശുകസന്ദേശത്തിനു പിമ്പ് എന്നും വ്യക്തമാകുന്നു. "ആസ്ഥാ ലോകേ വിപുലമനസാമന്യസാമാന്യമഭ്രേ"തീത്യാദി ശ്ലോകത്തിന്റെയും "ഭ്രാതസ്സ്വസ്തിം ഭവതു ച പുനർദ്ദർശനാനന്ദലക്ഷ്മീ" എന്ന അവസാനപദ്യത്തിന്റെയും ഭാഗങ്ങൾ അഭിന്നമായി ഉണ്ണുനീലിസന്ദേശത്തിൽ സ്വീകരിച്ചിരിക്കുന്നതിനു പുറമെ ഈ രണ്ടു സന്ദേശങ്ങളും തമ്മിൽ പല ആശയസാദൃശ്യങ്ങളും കാണ്മാനുണ്ട്.

"ബിന്ദുസപിന്നം മൃദുനഖപദോല്ലാസി വീരായിതാന്തേ" എന്നു തുടങ്ങുന്ന ശ്ലോകത്തിനു്

"ഉൗരു ചാസ്യാശ്ചിരമിഹ മയാ മുക്തസംവാഹനതപാൽ" ഇത്യാദി ശുകസന്ദേശ ശ്ലോകമായുള്ള സാദൃശ്യവും മററും നോക്കുക. ഉദാഹരണങ്ങൾ സമൃദ്ധിയാകയാൽ ഇനിയും ഉദ്ധരിക്കണമെന്നില്ല. ശുകസന്ദേശകാലവും നിർണ്ണയിച്ചിട്ടില്ലാത്ത സ്ഥിതിക്കു്, ഉണ്ണുനീലിസന്ദേശം ശുകസന്ദേശത്തിനും ലീലാതിലകത്തിനും ഇടയ്ക്കുള്ള അന്തരാളകാലത്തിൽ ഭൂജാതമായി എന്നു മാത്രമേ തൽക്കാലം അതിന്റെ ജാതകത്തിൽ എഴുതാൻ തരമുള്ളു. സന്ദേശകാവ്യനാവ്യമാർഗ്ഗത്തിൽ പ്രഥമസാംയാത്രികനായിരുന്ന കവിസാർവ്വഭൌമന്റെ പണ്ടകശാലയിൽനിന്നു കുറെ ചരക്കുകളും ഉണ്ണുനീലിക്കു വേണ്ടി നമ്മുടെ സന്ദേശകർത്താവു സ്വീകരിച്ചുപയോഗിച്ചിട്ടുണ്ടു്. "ജാതാം മന്യേ ശിശിരമഥിതാം പത്മിനീം വാന്യരൂപാം" എന്ന മേഘസന്ദേശപാദം "തനപീമാലാ ശിശിരമഥിതാ താമരപ്പൊയ്ക്ക പോലെ" എന്നു പ്രകൃതസന്ദേശത്തിൽ പ്രതിബിംബിച്ചുകാണുന്നു.

"ശേഷാൻ മാസാൻ വിരഹദിവസസ്ഥാപിതസ്യാവധേർവ്വാ
വിന്യസ്യന്തീ ഭുവി ഗണനയാ ദേഹളീദത്തപുഷ്പൈഃ
സംഭോഗം വാ ഹൃദയനിഹിതാരംഭമാസ്വാദയന്തീ
പ്രായേണൈതേ രമണവിരഹേഷ്വംഗനാനാം വിനോദാഃ"

എന്ന ശ്ലോകത്തിൽനിന്നൊരു പരീവാഹം വെച്ചിട്ടുള്ളതു പോലെ

"നൽച്ചൊൽ കേൾക്കും തദനു കൊടി വെയ്പിക്കുമോക്കംനിമിത്താ-
നത്യാവേശാൽ പണവുമരിയും നീക്കി നിത്യം തൊടീക്കും
തുമ്പപ്പൂവാൽ വിരഹദിവസാനെണ്ണുമീവണ്ണമെല്ലാ-
മല്ലോ മല്ലക്കുഴലികളുടെ വേല കാന്തൻ പിരിഞ്ഞാൽ"

എന്ന ശ്ലോകത്തിലേക്കു് ആശയം പകർന്നിരിക്കുന്നു.

ഇതുപോലെ ഉത്തരഖണ്ഡത്തിൽ ഒട്ടു വളരെ ശ്ലോകങ്ങളിൽ മേഘസന്ദേശത്തിന്റെ കാററു തട്ടീട്ടുള്ളതായി കാണുന്നുണ്ടു്. "മാതംഗാനാം കരപരിഗളൽസ്വേദസംസിക്തഗീത" ഇത്യാദി വൈതാളികസ്തുതി രഘുവംശത്തിൽ അജന്റെ യാത്രയിലുള്ള വൈതാളികവാക്യച്ഛായയിൽ രചിച്ചിട്ടുള്ളതായി തോന്നുന്നു. "മുററത്തല്ലോ നനു സുരപതേർന്നല്പതല്പകല്പവൃക്ഷം" എന്നു തുടങ്ങുന്ന ശ്ലോകത്തിൽ "പത്മാസദ്മനി കേശവസ്യ" എന്നു തുടങ്ങുന്ന ശ്ലോകത്തിന്റെയും "കാന്തം വേണീമറുനിഴലിവ പ്രേക്ഷ്യതേ രോമരാജീ" എന്നിടത്തു്

"സ്വർണ്ണാവദാതദ്യുതികായകാണ്ഡ സമ്പൂർണ്ണപീയൂഷമയൂഖമുഖ്യാഃ
ഏണീദൃശഃ പൃഷ്ഠവിലംബിവേണീ ബിംബഃ പുരോ രാജതി രോമരാജിഃ"

എന്ന ശ്ലോകത്തിന്റെയും ആശയങ്ങൾ സ്ഫുരിക്കുന്നു. കസ്തൂരികാഖണ്ഡം കൈകാര്യം ചെയ്യുന്നവന്റെ കരസ്പർശംകൊണ്ടു പരിമളം മററു പദാർത്ഥങ്ങളിലും സംക്രമിക്കുന്നതാണല്ലൊ.

ഇങ്ങനെയുള്ള പ്രകാശലേശങ്ങൾകൊണ്ടു സന്ദേശത്തിന്റെ കവിയെ ആവരണം ചെയ്തിരിക്കുന്ന അന്ധകാരപടലത്തെ നീക്കുന്നതിനു നിർവ്വാഹം കാണുന്നില്ല. ഉദ്ദണ്ഡശാസ്ത്രികളുടെ കാലം ഉണ്ണുനീലിസന്ദേശത്തിനു ശേഷമാകാനേ തരമുള്ളു എന്നു മേൽ പ്രസ്താവിച്ച സംഗതികൾകൊണ്ടു മിക്കവാറും വ്യക്തമാകുന്ന സ്ഥിതിക്കു കോകിലസന്ദേശംകൊണ്ടു പ്രസ്തുതവിഷയത്തിൽ വളരെ പ്രയോജനമില്ല. ഉണ്ണുനീലിസന്ദേശത്തിന്റെ ചില ഛായകൾ കോകിലസന്ദേശത്തിൽ നിഴലിച്ചു കാണുന്നുണ്ടെന്നുള്ള സംഗതി പ്രസ്താവയോഗ്യവുമാകുന്നു. ശാസ്ത്രികളുടെ കാലത്തു പയ്യൂർഭട്ടതിരിമാർ വൈദുഷ്യത്തിൽ മികച്ചവരായിരുന്നു എന്നു കോകിലസന്ദേശവും മല്ലികാമാരുതവും തെളിയിക്കുന്നു. "ഉക്തം ച മഹർഷിപുത്രേണ പരമേശ്വരേണ" എന്നു മല്ലികാമാരുതത്തിലെ പരാമർശം നോക്കുക. ഉണ്ണുനീലിസന്ദേശം 150-ാം ശ്ലോകത്തിൽ പയ്യൂർകവിതയുടെ കാര്യം പറഞ്ഞുകാണുന്നു. അനേകതലമുറയായി വിദ്വജ്ജനങ്ങൾ ഉണ്ടായി

രുന്ന പ്രസ്തുതകുടുംബത്തിലെ ഏതു് അംഗത്തിന്റെ കവിതയാണിവിടെ സൂചിപ്പിച്ചിരിക്കുന്നതെന്നു നിർണ്ണയിക്കുന്നതും അസാദ്ധ്യം തന്നെ.

സന്ദേശകാവ്യങ്ങളുടെ കൂട്ടത്തിൽ ഉണ്ണുനീലിസന്ദേശം പല അംശങ്ങളിലും വിശേഷരൂപത്തിൽ കാണപ്പെടുന്നു. മേഘം, ശുകം, കോകിലം, മയൂരം, ചാതകം, ഭ്രമരം ഇങ്ങനെയുള്ള വകയൊന്നുമല്ല സന്ദേശം കൊണ്ടുപോകുന്നതു്. സന്ദേശത്തിന്റെ നാമധേയം പോലും മററുള്ളതിൽനിന്നു ഭിന്നവിധത്തിലാകുന്നു. "നേമിസന്ദേശ"മെന്നൊരു സന്ദേശകാവ്യത്തിനല്ലാതെ മനുഷ്യനാമം ചേർത്തു നാമധേയം ചെയ്തിട്ടുള്ളതായി ഓർക്കുന്നില്ല. അതിലും വിശേഷം നായികയെ പുരസ്കരിച്ചാണു് ഈ കൃതിക്കു പേരിട്ടിരിക്കുന്നതു്. ഈ കാവ്യത്തിൽ സ്ഥായിരസം വിപ്രലംഭശൃംഗാരം. വിപ്രലംഭത്തിന്റെ പോഷണത്തിനു സംഭോഗശൃംഗാരഘട്ടങ്ങൾ അവിടവിടെ കലർത്തി വിയോഗമൂർച്ഛയെ വികസിപ്പിച്ചു കാണുന്നു. "മലമകൾമുല പൂണം ദൈവതം വെൽവതാക" എന്ന മംഗളാചരണപദ്യത്തിൽ തന്നെ സംഭോഗശൃംഗാരം ഉപനിബന്ധനം ചെയ്തു് അതിനു വിപരീതമായ വിപ്രലംഭത്തിനു വൈശദ്യം വരുത്തിയിരിക്കുന്നു. കാവ്യത്തിൽ നെടുനീളെ ഘോഷമായി പ്രവഹിക്കുന്ന വിരഹരസം പൊട്ടിപ്പുറപ്പെടുന്നതു തന്നെ സംഭോഗശൃംഗാരധ്വനിയായി ധ്വനിക്കുന്ന "അല്ലിത്താർമാതണയെ മരുവും പത്മനാഭന്നപാന്ത"ത്തിൽ ആകുന്നു. ഇങ്ങനെ അത്യന്തം പ്രകാശമായി നിൽക്കുന്ന വിപ്രലംഭത്തിന്റെ പ്രതിച്ഛായപോലെ സംഭോഗശൃംഗാരത്തെ സ്വീകരിച്ചു പ്രയോഗിച്ചിരിക്കുന്നതു വളരെ സരസമായിരിക്കുന്നു. സന്ദേശഹരൻ ഒരു രാജാവായിത്തീർന്നതുകൊണ്ടു വീരാദികളായ അന്യരസങ്ങൾക്കും ഇടയ്ക്കിടയ്ക്കു പ്രവേശം ലഭിച്ചിട്ടുണ്ടു്. സ്ഥായിരസത്തിൽ അനുഭാവങ്ങളും സഞ്ചാരിഭാവങ്ങളും പ്രവേശിച്ചു പുഷ്ടിവരുത്താനും കവി അമാന്തിച്ചിട്ടില്ല. ഇങ്ങനെയൊക്കെ ഇരുന്നിട്ടും മാരജ്വരപരവശനാണെന്നു കവി മുക്തകണ്ഠമായി പറയുന്നുണ്ടെങ്കിലും നായകനു വിരഹത്തിൽ നേരിട്ട ഹൃദയബാധ കവിയെ അത്ര കലശലായി ക്ലേശിപ്പിച്ചിരുന്നു എന്നു കാണുന്നില്ല.

"എല്ലിന്നേതും പെരികൊരൊഴിവുണ്ടായതില്ലെങ്കിലും മേ
മെല്ലപ്പോരാവിതു പുനരധീരാക്ഷി! പക്ഷം കഴിഞ്ഞേ"

എന്നു നായകൻ നായികയോടു പറയുന്ന ഭാഗം മുൻ പറഞ്ഞതിനു ലഘുവായ ഒരു സൂചനയാണു്. വിരഹഖിന്നയായി ദൈന്യചിന്താദി സഞ്ചാരിഭാവങ്ങൾക്കു വശംവദയായി കിടക്കുന്ന നായികയുടെ സ്ഥിതിഗൌരവത്തിനു തീരെ അനുരൂപമല്ലാതെ ഭൂമിയിൽ തനിക്കുണ്ടായ അവതരണത്തിൽ എല്ലൊന്നും ഒടിഞ്ഞില്ലെന്നു പറയുന്ന നായകൻ മിക്കവാറും ഉല്ലാസമായും മനോലാഘവത്തോടും കൂടിയിരിക്കുന്നതായി തോന്നിപ്പോകുന്നു. ശ്രുതിയിൽനിന്നു ഭിന്നിച്ച സംഗീതംപോലെ സ്ഥായിരസത്തിൽ ലയിക്കാതെ നിൽക്കുന്ന പ്രസ്തുതഭാഗം നായകനിൽനിന്നു് ഉണ്ടാകുന്നതിനു തരമില്ല. അതു കവിയുടെ മനോധർമ്മഭ്രംശമായിട്ടു വിചാരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ചില ചില്ലറ ഘട്ടങ്ങൾ നായകനും കവിയും രണ്ടാളാണെന്നുള്ള അനുമാനത്തെ അനുകൂലിക്കുന്നു.

ഉണ്ണുനീലി യഥാർത്ഥതയിൽ ജീവിച്ചിരുന്ന ഒരു സ്ത്രീതന്നെയായിരിക്കണമെന്നു മുൻപു പറഞ്ഞുവല്ലോ. ഉണ്ണുനീലി എന്ന നാമധേയവും, അവൾ അപ്സരോവംശജയാണെന്നു, കേരളമാഹാത്മ്യാദിഗ്രന്ഥങ്ങളിൽ നമ്പൂരിമാർ പറഞ്ഞിട്ടുള്ളതുപോലെ കവി ചെയ്യുന്ന വംശപ്രശംസയും അംഗഭംഗിയും മററും നായിക ഒരു നായർയുവതിയായിരുന്നെന്നുള്ള ഊഹത്തെ ഉന്നയിക്കുന്നു. അവളുടെ കുടുംബപ്പേർ മുണ്ടയ്ക്കൽ എന്നായിരുന്നു. പക്ഷേ 166-ാം ശ്ലോകത്തിൽ വീരമാണിക്യവും അവളുടെ വീടായി പറഞ്ഞുകാണുന്നു. ഇതുകൊണ്ടു മിസ്റ്റർ പരമേശ്വരയ്യർ പറയുന്നതുപോലെ, ഉണ്ണുനീലി വടക്കുംകൂർരാജാക്കന്മാരിൽ ആരുടെയെങ്കിലും കളത്രമായിരുന്നിരിക്കാമെന്നൊരു പ്രബലമായ സന്ദേഹം എനിക്കുണ്ടായ കാര്യം ഞാൻ ഗോപനം ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ വീരമാണിക്യത്തു പുരയിടത്തിന്റെ നേരേ തെക്കേതു തിരുമാടത്തിൽ പറമ്പും കിഴക്കുവശമായുള്ള ചിറയുടെ വടക്കുവശം വാക്കോടത്തുപറമ്പും കിടക്കുന്നതു് ഇപ്പോഴും കാണ്മാനുണ്ടു്. തിരുമാടത്തിൽ എന്ന ശബ്ദത്തിൽ ഒരു രാജസ്ഥാനധ്വനി ഉള്ളതുപോലെ എ

നിക്കു തോന്നുന്നു. വാക്കോടമെന്നതു വടക്കേ ഇടം എന്നതിൻെറ വിഷ്ടരൂപമാണെന്ന് ഒരു സ്നേഹിതൻ പറയുന്നു. വീരമാണിക്യത്തിൻെറ നേരെതൊട്ടു കിഴക്കേവശം ഇടത്തിൽ പറമ്പും അതിനു കിഴക്കുവശം സന്ദേശത്തിലെ കിഴക്കൻചിറയും അതിനു വടക്കുവശം വാക്കോടവും ആണെന്നു കാണുന്ന സ്ഥിതിക്കു വാക്കോടം വടക്കേഇടം തന്നെയായിരിക്കാം. ഇടം എന്നു പറയുന്നതു സാധാരണ സാമന്തരാജാക്കന്മാരുടെ ഭവനങ്ങൾക്കാണ്. തെക്കുംകൂർരാജാക്കന്മാരുടെ വംശ്യരുടെ വാസഭൂമിക്കു കോട്ടയത്തു നട്ടാശ്ശേരിയിൽ "ഇടത്തിൽ" എന്നാണ് ഇപ്പോഴും പറയാറുള്ളത്. ഇപ്രകാരം വീരമാണിക്യത്തിൻെറ തെക്കും കിഴക്കും വശങ്ങളിൽ പ്രാചീനകാലത്തു വടക്കുംകൂർരാജാക്കന്മാക്ക് അധിവാസം ഉണ്ടായിരുന്നതായി ഊഹിക്കാമെന്നു തോന്നുന്നു. രാജഭവനങ്ങൾക്കു സമീപഭൂമിയായിരുന്ന വീരമാണിക്യം തന്നെ രാജാക്കന്മാരുടെ കൈവശമായിരുന്നിരിക്കേണ്ടയോ? അങ്ങനെയായിരുന്നു എന്നൂഹിക്കാൻ പല ന്യായങ്ങളുമുണ്ട്. ഒന്നാമതായി വീരമാണിക്യമെന്ന ശബ്ദം തന്നെ സാധാരണയൊരു വീട്ടുപേരാണെന്നു പറയാവുന്നതല്ല. അതിനും പുറമേ, "വീരമാണിക്യത്തച്ഛനാണേ, വടക്കുംകൂർസ്വരൂപമാണേ" എന്നു പ്രതിജ്ഞ ചെയ്ത ഒരു ക്രിസ്ത്യാനിയുടെ ഐതിഹ്യം "പുരാതനപാട്ടുകളിൽ" പ്രതിപാദിച്ചിട്ടുള്ളതിൽനിന്നു വടക്കുംകൂർരാജവംശം വീരമാണിക്യത്തു് ഒരു കാലത്തു പ്രതിഷ്ഠിതമായിരുന്നെന്ന് അനുമാനിക്കത്തക്കതാകുന്നു. ഇങ്ങനെ വടക്കുംകൂർരാജവംശാധീനമായിരുന്ന വീരമാണിക്യത്തു ടി 166-ാം ശ്ലോകത്തിൽ പറയുംപോലെ ഉണ്ണുനീലി വസിച്ചിരുന്നു എങ്കിൽ, അവൾ നായർവംശ്യയാണെന്നു മുൻ പ്രസ്താവിച്ച അഭിപ്രായം ശരിയാകുന്ന പക്ഷം വടക്കുംകൂർരാജാക്കളിൽ ഒരാൾ ആ സ്ത്രീയെ പരിഗ്രഹിച്ചിരുന്നെന്നു ബലാൽക്കാരം കൂടാതെ സ്ഥാപിക്കാവുന്നതാകുന്നു. പരമേശ്വരയ്യർ അവർകളുടെ അഭിപ്രായത്തിൽ തന്നെ സ്വതന്ത്രമായ എൻെറ പന്ഥാവും ചെന്നുചേർന്നതു കണ്ടു ഞാൻ സാമാന്യം ആഹ്ലാദിച്ചു എങ്കിലും എൻെറ അനുമാനം അഭംഗുരമാണെന്നു ഞാൻ ആശ്വസിക്കുന്നില്ല.

"നേരേ കാണാം നൃപവര! കിഴക്കൻചിറയ്ക്കുള്ള പശ്ചാൽ
താരാർമാതോടുടമ പിചകും മന്ദിരം മൽപ്രിയായാഃ
മാരന്നുണ്ടാം ജനനഭവനം വീരമാണിക്കമെൻറാൽ
ആരേ പാർത്താലവിടമറിയായിൻറിതിപ്പാരിലിൻറു്."

എന്നാണ് 166-ാം ശ്ലോകത്തിന് ഇപ്പോൾ കാണുന്ന പാഠം. ഇതിൽ വല്ല പിശകുമുണ്ടോ എന്നറിയുന്നില്ല. ശ്ലോകത്തിനു പ്രഥമദൃഷ്ടിക്കു സുഗമമായി തോന്നുന്ന അർത്ഥം കിഴക്കൻചിറയ്ക്കു പിൻവശമായി പ്രിയാജനത്തിൻെറ ഭവനം നേരെ കാണാമെന്നും അതിൻെറ നാമധേയം വീരമാണിക്യമെന്നാണെന്നും അതു കാമദേവജന്മഭൂമിയാണെന്നും അക്കും അവിടം കണ്ടാൽ പറയാതെ തന്നെ മനസ്സിലാകുമെന്നും ആകുന്നു. ദൂതൻ ഉണ്ണുനീലിയെ കാണാൻ പോകുന്നതു മുണ്ടയ്ക്കലേക്കാണെന്നു 161-ാം ശ്ലോകംകൊണ്ടു സ്പഷ്ടമാകുന്നു. മുണ്ടയ്ക്കൽപറമ്പു വീരമാണിക്യത്തുനിന്ന് ഉദ്ദേശം ഒരു ഫർലാങ്ങ് കിഴക്കുവടക്കാണെന്നു കടുത്തുരുത്തിക്കാരൻ ഒരു സ്നേഹിതൻ പറയുന്നു. സ്ഥലം ഞാൻ കണ്ടിട്ടില്ല. മേല്പറഞ്ഞ മുണ്ടക്കൽ പറമ്പു പന്ത്രണ്ടാമാണ്ടത്തെ കണ്ടെഴുത്തിൽ 176.ാമതു ലക്കമാണ്. എന്നാൽ 132-ാമതു ലക്കമായി വേറെ ഒരു മുണ്ടയ്ക്കൽപറമ്പു കൂടി വീരമാണിക്യത്തിനു സമീപമായി പന്ത്രണ്ടാമാണ്ടത്തെ ഒഴുകിൽ കാണുന്നു. 993-ാമാണ്ടത്തെ ഒഴുകിൽ വീരമാണിക്യം മാങ്ങോട്ടുപണിക്കർ നാരായണൻ ഗോവിന്ദൻ പേരിലും അതിനു തൊട്ടു പടിഞ്ഞാറേതായ മാങ്ങോട്ടുപറമ്പു, 993-ാമാണ്ടു പതിച്ചു മാങ്ങോട്ടായിൽ ഇട്ടുലി കുഞ്ഞൂലി എന്ന സ്ത്രീക്കു പതിവുചീട്ടി കൊടുത്തവഴി 1012-ലെ വിളങ്ങിപ്പേരിൽ ടിയാളുടെ മകൻെറ പേരിലും കിടന്നിരുന്നതായി തെളിയുന്നു. വീരമാണിക്യത്തിൻെറ മുൻലക്കം 123-ം മാങ്ങോട്ടായിൽപുരയിടത്തിൻേറതു 125-ം ആകുന്നു. 132-ാമതു ലക്കം മുണ്ടയ്ക്കൽ പുറമ്പു 123-ാമതു ലക്കത്തിനു സമീപമാണെന്ന് ഇപ്പോഴത്തെ സെററിൽമെൻറുരജിസ്റ്ററിലെ സർവ്വേനമ്പരുകൾകൊണ്ടും ഊഹിക്കത്തക്കതാകുന്നു. സന്ദേശകാലം കഴിഞ്ഞു നാനൂററിൽചില്വാനം സംവത്സരങ്ങൾക്കു ശേഷമുള്ള പ്രസ്തുതസക്കാർകണക്കുകളെ ആധാരമാക്കി ഖണ്ഡിതമായി ഒരഭിപ്രായവും പറയത്തക്കതല്ല. ഒരു സംഗതി

ഞാനൂഹിക്കുന്നതു സന്ദേശത്തിൽ പറയുന്ന "മുണ്ടയ്ക്കൽ" 132-ാമതു ലക്കം ആയിരിക്കാമെന്നും അതും സമീപസ്ഥമായ വീരമാണിക്യവും സന്ദേശകാലത്തു മുണ്ടക്കൽവീട്ടുകാരുടെ വകയായിരുന്നിരിക്കാമെന്നും തന്നിമിത്തം വീരമാണിക്യവും ഉണ്ണുനീലിയുടെ ഗൃഹമായി 166-ാം ശ്ലോകത്തിൽ വർണ്ണിതമായിരിക്കുന്നു എന്നും ആകുന്നു. അഥവാ സകലകാലവും വീരമാണിക്യം വടക്കുംകൂർ രാജവംശം വകയായിരുന്നു എങ്കിൽ "മുണ്ടയ്ക്കൽ" കൂടി ആ രാജവംശം വകയായിരുന്നെന്നും ഉണ്ണുനീലി പ്രസ്തുതരാജവംശത്തിലെ ഒരു സ്ത്രീയായിരുന്നെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. "ഉണ്ണുനീലിതിരുനാൾ" മണികണ്ഠന്റെ പൂണാരം ഇത്യാദി ഭാഗങ്ങൾ ആ നിലയിലും യോജിച്ചിരിക്കുമെന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു.

കഥാനായകനു നേരിട്ടതായി പറയുന്ന യക്ഷിബാധയും ആദിത്യവർമ്മദൂത്യവും മറ്റും കേവലം സങ്കല്പസൃഷ്ടികളായി വിചാരിക്കയേ തരമുള്ളു. ഉണ്ണുനീലിയുടെ കാര്യം അങ്ങനെയല്ല. കവി കഥ കാന്തയോടു പറയുന്നതായി നിർമ്മിച്ചിരിക്കുന്നതും അയഥാർത്ഥവും ഭംഗ്യാശ്രയവും ആയിട്ടായിരിക്കാം. ഇങ്ങനെയൊക്കെ ഇരുന്നാലും കവി ഉണ്ണുനീലീഭർത്താവായിരുന്നു എന്നു വിചാരിക്കുകയെ ഞെരുക്കമായി തന്നെ ഇരിക്കുന്നു.

ഈ പ്രബന്ധം സംബന്ധമായി മേല്പറഞ്ഞ കാര്യങ്ങൾ ഉപരിനിരൂപണത്തിനു പ്രരോചന ജനിപ്പിക്കുമെങ്കിൽ ധാരാളം ഫലവത്തായി. ഗ്രന്ഥം മുഴുവൻ വായിച്ചുതീരുമ്പോൾ പ്രസ്തുതകവിയുടെ വാഗ്വിലാസവും പദയോജനയിൽ ഉള്ള മധുരകോമളമായ പാടവവും വർണ്ണ്യാനുരൂപമായ വചനകൌശലവും വാച്യവ്യംഗ്യങ്ങളുടെ സമ്മിശ്രണവും ഹൃദയരംഗത്തിൽനിന്ന് എളുപ്പത്തിൽ വിട്ടുമാറാൻ ഭാവമുള്ളതായി തോന്നിയില്ല. കാററു നിലച്ചിട്ടും കടൽ ക്ഷുബ്ധമായിരിക്കുന്നതുപോലെ മേല്പറഞ്ഞ ഗുണങ്ങൾ ഹൃദയത്തെ ബാധിക്കുന്നതായി തോന്നി. രസികരഞ്ജിനിമാസികയുടെ ജന്മസാഫല്യം ഈ കൃതിയുടെ പ്രസിദ്ധീകരണത്തോടു കൂടി സിദ്ധമായി എന്നു പറഞ്ഞാൽ അതിശയോക്തിയില്ല. പാഠത്തെ ശുദ്ധീകരിച്ചു ശ്രീമാൻ പരമേശ്വരയ്യർ പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന പുതിയ പതിപ്പിനെ പ്രതീക്ഷിച്ചുകൊണ്ട് ഈ വിചാരത്തെ സമാപ്തമാക്കുന്നു.

സ്വപ്നങ്ങൾ.

(എ. ജെ. ഡേവിഡ് ബി. എ.)

നിദ്ര എല്ലായ്പോഴും വിചാരശൂന്യമായ സ്വൈരവാസമല്ലല്ലോ. അസ്വസ്ഥനായിരിക്കുന്ന ഉറക്കക്കാരന്റെ ബുദ്ധിശക്തിക്കു ചില വ്യാപാരങ്ങളുണ്ട്. ഈ വ്യാപാരങ്ങളെ സംബന്ധിച്ച് അയാൾക്കു ശരിയായ ബോധമോ, നല്ല ഓർമ്മയോ ഇല്ല. ഇങ്ങനെ നിദ്രയിലുണ്ടാകുന്ന മനോവ്യാപാരങ്ങൾക്കു സ്വപ്നമെന്നു പേർ.

സ്വപ്നസ്ഥിതിയുടെ മുഖ്യമായ ഭാവങ്ങൾ പലക്കും നിശ്ചയമുണ്ടല്ലോ. മനോനിശ്ചയം കൂടാതെ, ഉറക്കക്കാരന്റെ ബുദ്ധിയിൽ ഒരു വിചാരപടലം വ്യാപരിക്കുന്നു. അത്ഭുതകരങ്ങളായ കല്പിതലോകങ്ങളിൽ മനസ്സു കളിയാടുന്നു. പലപ്പോഴും സ്വാഭാവികസംഭവങ്ങൾക്കും നാടകനിയമങ്ങൾക്കും ചേരാത്ത വിധത്തിൽ ഓരോ ആളുകളും പ്രവൃത്തികളും പരസ്പരം സംഘടിപ്പിക്കപ്പെടുകയും അങ്ങനെ വിശ്വാസയോഗ്യങ്ങളല്ലാത്ത കഥകളെ സ്വപ്നങ്ങളുത്ഭവിപ്പിക്കുകയും ചെയ്യുന്നു. നോവെലെഴുത്തുകാരനും കാവ്യകർത്താവും കഥാപാത്രങ്ങളെയും സംഭവങ്ങളെയും കല്പിച്ചുണ്ടാക്കുക തന്നെയാണ് ചെയ്യുന്നത്. എന്നാൽ ഇവക്കും സ്വപ്നക്കാരനും തമ്മിൽ വലിയ അന്തരമുണ്ടല്ലോ. സ്വപ്നക്കാരന്റെ സംഭവങ്ങളുടെ ഘടനയ്ക്കു ചേർച്ചയോ പരസ്പരസംബന്ധമോ ഇല്ല. അതുപോലെ തന്നെ സ്വപ്നത്തിൽ ഓരോ മനുഷ്യരുടെ രൂപം പ്രത്യക്ഷപ്പെടുന്നതു പലപ്പോഴും വളരെ പ്രകൃതിവിരുദ്ധമായിട്ടാണ്. എന്നാൽ നോവലെഴുത്തുകാരനും കാവ്യകർത്താവും സ്വാഭാവികസംഗതികളെ വർണ്ണിക്കുന്നു.

ഈ ഭാവവിശേഷത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഭ്രാന്തനും സ്വപ്നക്കാരനും തമ്മിൽ സ്വല്പം സാമ്യമുണ്ടെന്നാണ് കാണുന്നത്. സാധാരണമായി ഭ്രാന്തന്റെ സങ്കല്പങ്ങൾ

അപ്രകൃതങ്ങളായിരിക്കുന്നു. പല ഭ്രാന്തന്മാരും സാവധാനത്തിൽ ഓർമ്മയിൽനിന്നു് അനേകസംഗതികൾ പറയാറുണ്ടു്. എന്നാൽ അവരുടെ സംഭവവിവരണത്തിനു ക്രമമായ ഘടനയോ, യോജിപ്പോ ഇല്ലായെന്നുള്ളതു തീർച്ചതന്നെ. സ്വപ്നക്കാരന്റെ ലോകവും പലപ്പോഴും ഇതുപോലെയാണു്. പക്ഷെ ഇവരുടെ തൽക്കാലസ്ഥിതികൾക്കു തമ്മിൽ വ്യത്യാസമുണ്ടു്. ഭ്രാന്തനു പഞ്ചേന്ദ്രിയങ്ങൾകൊണ്ടു ബാഹ്യവസ്തുകളെല്ലാം ഗ്രഹിക്കാവുന്ന സന്ദർഭത്തിൽ തന്നെയാണു് അയാൾ അപ്രകൃതവും ചേർച്ചകേടുള്ളതും ആയ കഥകൾ കല്പിച്ചുണ്ടാക്കുന്നതു്. എന്നാൽ സ്വപ്നക്കാരന്റെ പഞ്ചേന്ദ്രിയങ്ങൾ പ്രവൃത്തി വെടിഞ്ഞിരിക്കുന്ന സ്ഥിതിയിലാണു് അയാളുടെ കല്പിതലോകങ്ങളും ലോകവ്യവഹാരങ്ങളും അയാൾ കണ്ടനുഭവിക്കുന്നതു്.

സ്വപ്നമുണ്ടാകുന്നതു പഞ്ചേന്ദ്രിയങ്ങളുടെ നിദ്ര, അഥവാ, താൽക്കാലികമരണസമയത്താണെന്നു മുൻപറഞ്ഞുവല്ലോ. എന്നാൽ സ്വപ്നസൃഷ്ടങ്ങളായ ചിത്രങ്ങളും സംഭവങ്ങളും എത്ര വിശേഷങ്ങളും മനസ്സിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിക്കുന്നവയുമാണെന്നു് അനുഭവസ്ഥന്മാർക്കറിയാം. ബാലനായിരുന്ന കാലത്തുണ്ടായ ചില സ്വപ്നങ്ങളും അവയിൽനിന്നു ലഭിച്ച ചില ചിത്രങ്ങളും എന്റെ മനസ്സിൽ ഇന്നും ശിലാരേഖ പോലെ തെളിഞ്ഞുകാണുന്നു. ആറേഴു വയസ്സുമാത്രം പ്രായമുള്ളപ്പോളുണ്ടാകുന്ന ചില സ്വപ്നങ്ങളുടെ ശക്തി അല്പമെങ്കിലും കുറയാതെ, അറുപതും എഴുപതും വയസ്സു വരെ മനസ്സിൽ പ്രവർത്തിക്കുന്നതു് അത്ഭുതം തന്നെ. എന്നാൽ എല്ലാ സ്വപ്നങ്ങൾക്കും ഇതുപോലെ ശക്തിയില്ലെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. എത്രായിരം സ്വപ്നങ്ങൾ നാം മറന്നുകഴിഞ്ഞു. ഇനി എത്ര എണ്ണം കണ്ടു മറക്കും. പക്ഷെ, പഞ്ചേന്ദ്രിയസഹായം കൂടാതെ ഇവയിൽനിന്നു നമുക്കു ലഭിക്കുന്ന വസ്തുബോധം ദൃഢതരവും വിചിത്രവുമാണെന്നു സമ്മതിക്കാതെ തരമില്ല.

നമ്മുടെ സങ്കല്പശക്തിയുടെ വ്യാപാരം ഹേതുവായിട്ടു പല സംഭവങ്ങളും നാം സൃഷ്ടിക്കാറുണ്ടു്. ഇതു നടക്കുന്നതു പഞ്ചേന്ദ്രിയങ്ങളുടെ നിദ്രാസമയത്തല്ലല്ലോ. എന്നുവരികിലും ഈ കല്പിതചിത്രങ്ങൾ എന്തുകൊണ്ടോ, സ്വപ്നചിത്രങ്ങളേക്കാൾ തുലോം മങ്ങിയവയത്രേ. അവയ്ക്കു ഹൃദയംഗമത്വവും തെളിമയും തീരെ കുറവാണു്. ഇതിന്റെ കാരണം കണ്ടുപിടിക്കേണ്ടതായിട്ടാണിരിക്കുന്നതു്. "ദർശനം" എന്നു പറയപ്പെടുന്നതു് ഒരു മാതിരി സ്വപ്നമായിരിക്കുമെങ്കിൽ അതു ശക്തിമത്തായ പ്രകാശത്തോടു കൂടിയ സ്വപ്നം തന്നെയാണു്. പിശാചുക്കൾ, ദൈവദൂതന്മാർ എന്നിങ്ങനെയുള്ള ജീവികളെസംബന്ധിച്ചു പലർക്കുമുള്ള ഏററവും വെളിവായ രൂപങ്ങൾ സ്വപ്നങ്ങളിൽനിന്നു ലഭിച്ചവയാണു്. എത്ര പുസ്തകം വായിച്ചിട്ടും ചിത്രങ്ങൾ കണ്ടിട്ടും സ്വപ്നങ്ങളിൽനിന്നു് അവയെക്കുറിച്ചറിയുന്നതുവരെ അവരുടെ മനസ്സു് അവയെ നന്നായി ധരിച്ചിരുന്നില്ല. പല കവികളും വിശേഷപ്പെട്ട മന്ദിരങ്ങളേയോ, അത്ഭുതകരങ്ങളായ ജീവികളേയോ, വർണ്ണിക്കുന്നതു് അവരുടെ സ്വപ്നചിത്രങ്ങളേയാണത്രെ. ഇങ്ങനെ സ്വപ്നലബ്ധി ഉണ്ടാകുന്നതിനു മുമ്പു ശ്രമസാദ്ധ്യമായിരുന്ന വർണ്ണന അതിനു ശേഷം അതിലഘുവായിത്തീർന്നിട്ടുണ്ടെന്നു കോളറിഡ്ജ് (Coleridge) എന്ന ആംഗ്ലേയസാഹിത്യകാരൻ സ്വന്തയനുഭവത്തെ അടിസ്ഥാനപ്പെടുത്തിപറഞ്ഞിരിക്കുന്നു.

ഇനി സ്വപ്നത്തിനുള്ള കാരണങ്ങളെക്കുറിച്ചു ചിന്തിക്കാം. ഈ സംഗതിയിൽ കാർയ്യകാരണബന്ധം വ്യക്തമായി സ്ഥാപിക്കുന്നതിനു വിഷമമുണ്ടു്. പക്ഷെ അനേകസന്ദർഭങ്ങളിൽ ഒരേ സംഗതിയുടെ സാന്നിദ്ധ്യം മൂലം ഒരേ ഫലം സിദ്ധമായി കാണുമ്പോൾ ഒന്നു കാരണവും മറേറതു കാർയ്യവുമായി എടുക്കാവുന്നതാണല്ലോ. ധനത്തിൽ വലിയ ആശയുള്ളവർക്കു, പ്രത്യേകിച്ചു് അവർ ലുബ്ധന്മാരായിരിക്കുമ്പോൾ, ഒരു പ്രത്യേകതരം സ്വപ്നങ്ങളുണ്ടാകുന്നതായി കാണാറുണ്ടു്. തസ്കരന്മാർ തന്റെ പണപ്പെട്ടി കൊണ്ടുപോകുന്നതായും, അതിനെ തടയുന്നതുകൊണ്ടു തന്നെ അവർ ഉപദ്രവിക്കുന്നതുമായിട്ടാണു് ലുബ്ധന്റെ സാധാരണ സ്വപ്നവിഷയം. ഭാഗ്യച്ചിട്ടിയിൽ ചേർന്നു് ഒന്നാം സമ്മാനം ലഭിക്കുവാൻ അഗ്രഹിച്ചുകൊണ്ടിരിക്കുന്നവന്റെ സ്വപ്നം അയാളുടെ അഗ്രഹസിദ്ധിയും തന്മൂലമുള്ള സ്ഥിതിഭേദവുമാണു്. ഗൃഹങ്ങളിൽനിന്നു വിട്ടുപിരിഞ്ഞു് അകലെ താമസിക്കുന്നവർക്കു സ്വപ്നം അവർ വീട്ടിലെത്തിയെന്നും തന്റെ ചാർച്ചക്കാരുമായി സന്തോഷസമേതം സമയം ചെലവഴിക്കുന്നു എന്നുമാണു്. ഇതു ഗൃഹത്തിലെത്താനുള്ള അവരുടെ അ

ഗ്രഹം മൂലമായിരിക്കുമല്ലോ. ഇങ്ങനെ നോക്കുന്നതായാൽ മനസ്സിനെ അധികമായി ക്ലേശിപ്പിക്കുന്ന വിചാരങ്ങൾക്കു തദനുസരണങ്ങളായ സ്വപ്നങ്ങളെ സൃഷ്ടിക്കുന്നതിനു ശക്തിയുണ്ടെന്നുവരുന്നു.

സ്വപ്നകാരണമായേക്കാവുന്ന മറെറാരു സംഗതി മനസ്സിനെ വ്യതിചലിപ്പിക്കുന്ന പ്രവൃത്തികളത്രെ. അങ്ങനെയുള്ളവയിൽ കറുപ്പ്, മദ്യം മുതലായവയുടെ ഉപയോഗം ഉൾപ്പെടുന്നതാണ്. കറുപ്പു തിന്നുന്നവൻ ഉടനെ ഉറങ്ങിപ്പോവുക പതിവാണല്ലോ. അതിൻെറ ശക്തിമൂലം ബുദ്ധിശക്തി ക്ഷീണിക്കുകയും സ്വപ്നങ്ങളുണ്ടാവുകയും ചെയ്യുന്നു. പ്രസിദ്ധ കറുപ്പുതീററിക്കാരനും സാഹിത്യകേസരിയുമായിരുന്ന ഡികിൻസേ (De Quincy) യുടെ ചരിത്രവും ലേഖനങ്ങളും വായിച്ചിട്ടുള്ളവക്ക് ഈ സംഗതി നന്നായി വെളിവാകുന്നതാണ്. മദ്യപാനികൾ നിദ്രയിൽ ദുസ്വപ്നങ്ങൾ കാണുക പതിവാണെന്നു പറയപ്പെടുന്നു. ഏതായാലും ബുദ്ധിമാന്ദ്യം വരുത്തുന്ന ഈ മാതിരി വസ്തുക്കളുടെ ഉപയോഗം സ്വപ്നകാരണങ്ങളായിട്ടാണ് പ്രായേണ കാണപ്പെടുന്നത്.

ചില സന്ദർഭങ്ങളിൽ നമ്മെ പലർ കൂടി ഞെക്കുന്നതായും ശ്വാസോഛ്വാസം തടയുന്നതായും നാം സ്വപ്നം കണ്ടേക്കാം. ഇപ്രകാരമുള്ള സ്വപ്നങ്ങളുണ്ടാകുന്നതിൻെറ കാരണം മിക്കവാറും വെളിവായിത്തന്നെയിരിക്കുന്നു. അത്ര ഭക്ഷണം നന്നായിക്കഴിച്ച്, ദഹനാരംഭത്തിനു മുമ്പ് നിദ്രക്കാരംഭിക്കുന്നതു മൂലമാണെന്നു പലർക്കും അനുഭവപ്പെട്ടിട്ടുണ്ട്. ഈ സംഗതി എളുപ്പത്തിൽ പരീക്ഷിക്കാവുന്നതുമാണല്ലോ.

ഇവ കൂടാതെ സ്വപ്നകാരണങ്ങളായി മററു ചില സംഗതികളുണ്ട്. ഇവ ദേഹത്തെ ഏതുവിധത്തിലെങ്കിലും ബാധിക്കുന്ന ബാഹ്യസംഗതികളാണ്. കാലിൽ സുഖമില്ലാതിരുന്ന ഒരു രോഗിയുണ്ടായിരുന്നു. രോഗശമനത്തിനായി അയാൾ രാത്രി ഉറങ്ങുമ്പോൾ ഒരു കുപ്പി ചൂടുവെള്ളം പാദത്തോടു ചേർത്തുവെച്ചു വന്നു. അങ്ങനെ പാദം ചൂടുള്ള ഒരു വസ്തുവോടു ചേർന്നിരുന്നപ്പോൾ, തീയിൽക്കൂടി നടക്കുന്നതായി അയാൾ സ്വപ്നം കണ്ടുപോലും. വേറൊരു സന്ദർഭത്തിൽ ഒരു പട്ടാളയുദ്യോഗസ്ഥനുണ്ടായ സ്വപ്നം വളരെ രസകരമാണ്. ഈ മനുഷ്യൻ ഉറങ്ങിക്കിടക്കുമ്പോൾ അയാളുടെ സ്നേഹിതന്മാർ എന്തെങ്കിലും അയാളുടെ ചെവിയിൽ മന്ത്രിച്ചാൽ അതനുസരിച്ച് അയാൾ സ്വപ്നം കണ്ടിരുന്നു. ഒരിക്കലിങ്ങനെ അയാൾ മുഷ്ടിയുദ്ധം ചെയ്യുകയാണെന്ന് അവർ മന്ത്രിച്ചയുടനെ അയാൾ മുഷ്ടിയുദ്ധത്തിനാരംഭിച്ചു. കയ്യും കാലും ഇട്ടടിച്ച് അയാൾ ബഹളം കൂട്ടിത്തുടങ്ങി. ഒടുവിൽ ദേഷ്യം വർദ്ധിച്ചു. അപ്പോൾ വെടിമരുന്നു മാത്രം ഇട്ടു നിറച്ചിരുന്ന ഒരു തോക്ക് ഉറക്കക്കാരനെ ഏല്പിച്ചു. അയാൾ സ്വപ്നത്തിൻെറ ശക്തികൊണ്ടു ഒട്ടും മടിക്കാതെ വെടിവെച്ചു. വെടിയുടെ ശബ്ദമാണത്രെ അയാളെ ഉണർത്തിയത്. ഇതുപോലെയുള്ള ചില്ലറയനുഭവങ്ങൾ കണ്ടറിയുന്നതിന് എനിക്കും ഇടവന്നിട്ടുണ്ട്. സ്വപ്നക്കാരനുമായി പലപ്പോഴും സംഭാഷണം നടത്തുകയും സ്വപ്നങ്ങളുടെ ഗതി അറിയുകയും ചെയ്യാൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നു. ഒരു ഈച്ച ഉറക്കക്കാരൻെറ മുഖത്തു നടക്കുന്നതുകൊണ്ടു ഭയങ്കരമായ സ്വപ്നത്തിന് അയാൾ വശംവദനായിത്തീർന്നേക്കും. ഇപ്രകാരമുള്ള ബാഹ്യസ്ഥിതിഭേദങ്ങൾക്കു സ്വപ്നങ്ങളെ ജനിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും ശക്തിയുണ്ടെന്നുള്ളതു തീർച്ചതന്നെ.

ഇനി സ്വപ്നങ്ങൾക്കു വാസ്തവസംഭവങ്ങളോടു വല്ല സംബന്ധവുമുണ്ടോയെന്നു നോക്കാം. ഇതിലേക്ക് അനുഭവത്തിൽനിന്നു ചില സംഗതികൾ എടുത്തുകാണിക്കാം. ഒരു മനുഷ്യന് അതിതാല്പര്യമുള്ള ഒരു അനന്തിരവളുണ്ട്. പ്രായം അതിചെറുപ്പം. ചിലപ്പോളെല്ലാം ആ കുഞ്ഞ് അയാളെപ്പററി സ്വപ്നം കാണുക പതിവാണ്. അങ്ങനെ സ്വപ്നമുണ്ടായിക്കഴിഞ്ഞാലുടനെ അയാൾ ആ കുഞ്ഞിൻെറ വീട്ടിലെത്തുകയും സാധാരണമാണ്. യാതൊരു മുന്നറിവും കൂടാതെയാണ് ഇതു സംഭവിക്കുന്നത്. വേറൊരു സംഗതി കൂടെ പറയാം. ഒരു വൃദ്ധൻ ഈയിടെ അദ്ദേഹത്തിൻെറ വീട്ടിൽ കിടന്നുറങ്ങിക്കൊണ്ടിരുന്നു. അപ്പോൾ അദ്ദേഹത്തിൻെറ ഒരു സ്നേഹിതൻ പെട്ടെന്നു മരിച്ചതായി സ്വപ്നം കണ്ടു. അടുത്ത ദിവസം അദ്ദേഹം ഇതേപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിൻെറ മറെറാരു സ്നേഹിതൻ ആ രാത്രി മരിച്ചുപോയതായി അറിവു കിട്ടി.

ഇങ്ങനെ വാസ്തവസംഭവങ്ങളോടു സംബന്ധമുള്ള സ്വപ്നങ്ങൾ ധാരാളമുണ്ടായിരിക്കും. എന്നാൽ ഇവയെ മാത്രം അടിസ്ഥാനപ്പെടുത്തി സ്വപ്നങ്ങൾക്കു വാസ്തവസംഭവങ്ങളോടു സംബന്ധമുണ്ടായേ കഴിയൂ എന്ന് അനുമാനിക്കുന്നതു യുക്തമല്ല.

സ്വപ്നങ്ങളെപ്പററി ഇത്രയെല്ലാം നമുക്കു വലിയ വിഷമം കൂടാതെ അറിയാവുന്നതാണ്. ഇനി സ്വപ്നസമയത്തു സ്വപ്നക്കാരൻെറ സ്ഥിതിയെന്താണെന്നു ചിന്തിക്കാം. ഇതു മനസ്സിലാക്കുവാൻ വളരെ പ്രയാസമാണ്. നിദ്രാസമയമാകയാൽ സ്വപ്നക്കാരന് അയാളുടെ സ്ഥിതിയെപ്പററി ഓർമ്മയുണ്ടാവുക ദുർല്ലഭമാണ്. അതു കൂടാതെ ഇതരന്മാക്ക് അയാളുടെ മനസ്ഥിതി കണ്ടറിയുവാൻ ദുസ്സാധ്യമായിരിക്കുന്നു. ഈ ദുർഘടവിഷയത്തെപ്പററി പല തത്വജ്ഞാനികളും ഓരോ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അവയേയും മററും ഓരോന്നായി പരിശോധിക്കാം. അവയിലേതാണ് യുക്തമെന്നു നമ്മുടെ അനുഭവം സാക്ഷിക്കട്ടെ.

അപരിഷ്കൃതരായ ജാതിക്കാരുടെയിടയിൽ സ്വപ്നത്തെക്കുറിച്ചുള്ള സാധാരണമായ വിശ്വാസം അതു് ഉണർന്നിരിക്കുമ്പോളുണ്ടാവുന്ന അനുഭവങ്ങൾക്കു തുല്യമാണെന്നാണ്. സ്വപ്നത്തിൽ കാണപ്പെടുന്ന ജീവികൾ വാസ്തവജീവികളാണ്, കേൾക്കപ്പെടുന്ന ശബ്ദങ്ങൾ വാസ്തവശബ്ദങ്ങളാണ്. നിർജ്ജീവവസ്തുക്കൾക്കും ജീവികൾക്കും ഒരുപോലെ രണ്ടംശങ്ങളുണ്ടെന്നും അവയിലൊന്നാണ് സ്വപ്നത്തിൽ കാണപ്പെടുന്നതെന്നും അവർ വിശ്വസിച്ചുവരുന്നു. ഒരുത്തൻ ഉറങ്ങിക്കിടക്കുമ്പോൾ അയാളുടെ ഒരംശം സ്വപ്നലോകത്തിൽ സഞ്ചരിച്ചു പലതരത്തിലുള്ള ജോലികളിലേർപ്പെട്ടിരിക്കുന്നു. ഈ വിശ്വാസം അയുക്തികമാണെന്നുള്ളതു വെളിവായ സംഗതിയാകകൊണ്ട് അതേപ്പററി വിസ്തരിച്ചുപറയേണ്ടതില്ല.

ഈ അഭിപ്രായത്തിൻെറ പരിണാമക്രമത്തിൽ ഉത്ഭവിച്ച മറെറാരു വിശ്വാസവും സ്വപ്നത്തെക്കുറിച്ചുണ്ട്. മനുഷ്യന് അദൃശ്യമായ ഒരു് അംശമുണ്ടെന്നുള്ളതു കൂടാതെ, പിശാചുക്കൾ, ദേവതകൾ മുതലായവരിലും അവനു വിശ്വാസമുണ്ട്. ഈ ജീവികളുടെ പ്രവൃത്തി ഹേതുവായി സ്വപ്നങ്ങളുത്ഭവിക്കുന്നുയെന്നാണ് ചിലരുടെ മതം. ദൈവദൂതന്മാരായ ജീവികൾ ദൈവഹിതത്തെ മനുഷ്യർക്കു വെളിപ്പെടുത്തുന്നതു സ്വപ്നംമൂലമാണത്രെ. ഇതു മൂന്നു വിധത്തിൽ സംഭവിക്കുന്നു. ഒന്നാമതു സ്ഥിരസ്വരൂപമില്ലാത്ത ആത്മാക്കൾ ദൃശ്യമായ വസ്ത്രധാരണം ചെയ്തു് ഉറക്കക്കാരനു വെളിപ്പെട്ടേക്കാം. രണ്ടാമതു രൂപസ്വീകരണത്തെ ത്യജിച്ചു ശബ്ദമാർഗ്ഗേണ സ്വപ്നമുണ്ടാക്കിയെന്നു വരാം. മൂന്നാമതായി ദുർഗ്രാഹ്യങ്ങളായ ദർശനങ്ങൾ ഉറക്കാരനു ലഭിക്കാം. ഇങ്ങനെയുള്ള സ്വപ്നങ്ങളെപ്പററി നാം വേദപുസ്തകങ്ങളിൽ വായിക്കുന്നുണ്ട്. സ്വപ്നത്തിൻെറ അർത്ഥം പറയുന്നതു പ്രയാസമേറിയ ഒരു ജോലിയായിരുന്നു. പേർഷ്യാരാജ്യത്തു് ഇതിനു പ്രത്യേക അഭ്യാസം നൽകിയിരുന്നുവത്രെ.

സ്വപ്നത്തിനു ഹേതു സ്വപ്നക്കാരൻ തന്നെയാണെന്നും സ്വപ്നത്തിനായി ഇതരജീവികളുടെ മേൽ അനാവശ്യമായി ദോഷാരോപണം ചെയ്യുന്നതു യുക്തമല്ലെന്നും പൂർവ്വകാലം മുതൽ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉണർന്നിരിക്കുമ്പോൾ മനസ്സിലുണ്ടാകുന്ന വിചാരങ്ങൾ തന്നെയാണ് ഉറക്കത്തിലും തലച്ചോറിനെ ചലിപ്പിച്ചു സ്വപ്നങ്ങളെ ഉത്ഭവിപ്പിക്കുന്നതെന്നാണ് പലരും പറയുന്നതു്. ഇതിൽ ധാരാളം വാസ്തവമുണ്ട്. നാം ഉറങ്ങുമ്പോൾ ഒരു കൊതുകു ചെവിയിൽ മൂളിയാൽ വലിയ ശബ്ദം കേട്ടെന്നും പക്ഷേ ഇടി വെട്ടിയെന്നും സ്വപ്നം കണ്ടേക്കും.

ഇവ കൂടാതെ സ്വപ്നത്തെ സംബന്ധിച്ചു വൈദ്യന്മാർക്കും ഒരു് അഭിപ്രായം ഉണ്ടായിട്ടുണ്ട്. ഇതു സ്വപ്നം രോഗസൂചകമാണെന്നും സ്വപ്നത്തിൻെറ സ്വഭാവം രോഗസ്വഭാവത്തെ കാണിക്കുന്നുയെന്നുമാണ്. ഇതിൽ അല്പം വാസ്തവമുണ്ട്. പക്ഷേ ഈ വാസ്തവത്തെ വൈദ്യന്മാർ അക്രമമായി വലുതാക്കി പല തകരാറുകളും വരുത്തിക്കൂട്ടിയിട്ടുണ്ട്.

സ്വപ്നങ്ങളെ സംബന്ധിച്ചുള്ള അനേകസംഗതികൾ ഇനിയും അറിയേണ്ടതായിട്ടാണിരിക്കുന്നതു്. ഒരു പക്ഷക്കാർ മനുഷ്യൻെറ ശരീരം ആത്മാവിൻെറ വസ്ത്രമായിട്ടും ആയുധമായിട്ടും മാത്രം ഗണിക്കുകയും ദേഹത്തിൻെറ സകലവ്യാപാരങ്ങളേയും ആത്മാ

വിന്റെ വ്യാപാരഫലമായി കല്പിക്കുകയും ചെയ്യുന്നു. മറെറാരു പക്ഷക്കാർ ദേഹത്തിന്റെ സ്ഥിതിഭേദങ്ങളാണ് മനസ്സിന്റെ വ്യാപാരങ്ങൾക്കു ഹേതുവെന്നു വാദിക്കുന്നു. എന്നാൽ ഈ രണ്ടഭിപ്രായവും മുഴുവനായി അംഗീകരിക്കുവാൻ പാടില്ലെന്നും ദേഹം, ആത്മാവ് എന്നിവ പരസ്പരബന്ധമുള്ളവയാണെന്നും ഒന്നിന്റെ വ്യാപാരം മററതിൽ പ്രതിഫലിക്കുമെന്നുമാണ് പല സമചിത്തന്മാരുടേയും മതം.

ഡെസ്ക്കാർട്ടിസ് (Descartes), ലെയിബ്നിട്സ് (Leibnitz), കൻട് (Kant) മുതലായ തത്വജ്ഞാനികൾ അഭിപ്രായപ്പെടുന്നതു മനുഷ്യബുദ്ധി എല്ലായ്പ്പോഴും വ്യാപരിച്ചുകൊണ്ടിരിക്കുന്നുയെന്നാണ്. അതുകൊണ്ടു നിദ്രാസമയത്തെല്ലാം ബുദ്ധി വ്യാപരിക്കുകയും സ്വപ്നമുണ്ടാവുകയും ചെയ്യുന്നു. ലോക്ക് (Locke) എന്ന മഹാൻ ഈ അഭിപ്രായത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. നിദ്രാസമയം സാധാരണമായി ബുദ്ധി നിശ്ചലമായിരിക്കുകയാണെന്നും ചിലപ്പോൾ വ്യാപാരമുണ്ടാകുന്നതാണ് സ്വപ്നമെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു. പക്ഷെ, ഉറക്കക്കാരനെ ഉണർത്തുമ്പോളെല്ലാം അയാൾ സ്വപ്നബാധിതനായിരിക്കുന്നുയെന്നു ചിലർ പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ നിദ്രയും സ്വപ്നവും വേർതിരിക്കാതിരിക്കുന്നുയെന്ന് അനുമാനിക്കാം. എന്നാൽ ഈ സംഗതി അനുഭവത്തോടു യോജിക്കുന്നില്ലെന്നു തോന്നുന്നു. വേറെ ചിലർ വാദിക്കുന്നതു സ്വപ്നം ഗാഢനിദ്രയിൽ സംഭവിക്കുകയില്ലെന്നാണ്. ഇതു ശരിയല്ലെന്നു പല ശാസ്ത്രജ്ഞന്മാർ തീർച്ചയായിപ്പറയുന്നുമുണ്ട്. ഇങ്ങനെ മഹാന്മാരുടെ അഭിപ്രായങ്ങൾ വിരുദ്ധങ്ങളായിരിക്കുന്നതുകൊണ്ട് ഈ സംഗതിയിൽ ഒരു് അവസാനതീർച്ച പറയുന്നതു പ്രയാസമായ ജോലിയാണ്.

സ്വപ്നക്കാരനിൽ മനശ്ശക്തിയുടെ വ്യാപാരമില്ലെന്നുള്ളതു തീർച്ച തന്നെ. അതുപോലെ തന്നെ വിവേചനാശക്തിയും സ്വപ്നക്കാരനുള്ളതായി കാണുന്നില്ല. ഇവയുണ്ടായിരുന്നെങ്കിൽ സ്വപ്നങ്ങൾ പൂർവ്വാപരയോജ്യതയുള്ളവയും പ്രകൃതിക്കനുസരണമായവയുമായിരിക്കുമായിരുന്നു.

സൂര്യോദയം.

(സി. എൻ. കെ)

മിന്നുന്നതെന്തു കനകത്തളികയ്ക്കു തുല്യ_മിന്ദ്രന്റെ ചാരുമകുടോജ്ജ്വലരത്നമാണോ?
ഔന്നത്യമാന്ന സുരശാഖി വഹിക്കുമോമൽ_ധന്യത്വമേറിയമനോഹരപക്വമോ,താൻ. 1

വാനോർവരപ്രിയതമാംഗന തുംഗമോദാ_ലൂനം വിനാ മുഖകരാംഘ്രികൾ ശുദ്ധമാക്കി
വാനിൽ പ്രഭാതസമയത്തു വിധിപ്രകാരം_മാനിച്ചു വച്ചൊരു വിളക്കു ലസിക്കയോ വാൻ 2

ശ്രീമെത്തിടുന്ന പരഭൂവരവീരരൊക്കെ_പ്രേമം കലന്നുകരിപ്പതിനീ വിധത്തിൽ
ശ്രീമൂലരാജവിജയോജ്ജ്വലസുപ്രതാപ--സ്തോമങ്ങളാകൃതിയെടുത്തു വിയത്തിലാണോ? 3

ധർമ്മം മറന്നു രണഭൂവിലസഹ്യമാം ദു-ഷ്കർമ്മം തുടർന്നു ഖലഭൂപനെ നിർമ്മഥിക്കാൻ
ധർമ്മിഷ്ഠരിൽ കരുണയാന്ന ജഗത്സ്വരൂപൻ-നിർമ്മിച്ചൊരഗ്നിഘടമോ? കടുതായ് ജ്വലിപ്പൂ.

ചുട്ടിട്ടെഴും പ്രചുരദീപ്തി കലർന്ന പൊന്നിൻ_കട്ടയ്ക്കു കാന്തി കുറവാക്കിടുമിപ്രകാരം
പൊട്ടിട്ടു പൂർവ്വകദിഗംഗനയെന്നു തോന്നും_മട്ടിൽ തിളങ്ങുമിതനന്നിയെയെന്തു പിന്നെ.

സുരനായകദിങ്മുഖം ചുവന്നു_സരസാംഭോരുഹജാലവും വിടർന്നു
തരസാ വിധുവാരിധൌ കടന്നു_ധരയിൽ കർമ്മശതം ജനം തുടർന്നു. 6

സരഭസമുദയാചലത്തിലക്കൻ_വരുവതിനുള്ളൊരൊരുക്കമായ നേരം
പരിചൊടു പല പക്ഷിജാലമോരോ_സുരുചിരകീർത്തനമാർത്തു ചൊല്ലിയെങ്ങും. 7

അനുപമരുചി ചേരും ഭാനുബിംബം നഭസ്സിൽ
കനലൊളി വിതറീടും നേരമുൾഭീതിയോടെ

പനിമതി വിളറിത്താൻ പശ്ചിമാംഭോധിതന്നിൽ
തനിയെയഥ പതിച്ചു ലോകരീതിപ്രകാരം. 8

നിശയിലൊളിവിലെത്തിത്താരകാധീശനേററം
പിശകു കരചയത്താൽ പത്മിനിക്കേകിയെന്നായ്
ശശിയിലുദിതവൈരം ബാലസൂര്യൻ കിഴക്കേ-
ദിശയിലഥ വിളങ്ങി പ്രേയസിക്കേകി മോദം. 9

ഝടുതി നിശയൊഴിഞ്ഞിബ്ഭൂതലം ഭാനുജാലം
തടവുമളവിലേററം ഭാസമാനം പവിത്രം
കൊടിയ സുഗുണമോലും സാധു സൽസംഗമെത്താ-
നിടവരുമളവാക്കും ദുർഗ്ഗുണം നീങ്ങുമല്ലൊ. 10

നവരുചിരസുമശ്രീരമ്യസൽഗന്ധമേന്തി-
പ്പവനനഴകിലെങ്ങും നൽപ്രഭാതത്തിലെത്തി
അവികലമുദമാർന്നിബ്ഭൂതലേ മർത്ത്യരോടായ്
രവിയുടേ വരവായെന്നോതിനാൻ ദൂതനേപ്പോൽ. 11

ലളിതപവനപാതോദ്ധൂതമാം രമ്യവൃക്ഷാ-
വലികളുലകിലെങ്ങും ശാഖയാം കൈകൾ നീട്ടി
നലമൊടു വിരൽ പോലപ്പല്ലവം മെല്ലെയാട്ടി-
ക്കളകളമൃദുഗീതം പൂണ്ടഹോ നൃത്തമാർന്നു. 12

ദിനകരകരവീര്യപ്രൌഢിയാലസ്തമിച്ച-
പ്പനിമതി,യതുനേരത്തിഷ്ടരാം താരകൌഘം
ഘനതരപരിതാപാൽ സൈനികൻ പോയ സേനാ-
ജനസമമുഴറിത്താൻ നിഷ്പ്രഭം നഷ്ടമായി. 13

കമലിനിയുടെ ഭർത്താവാകുമീ രാമചന്ദ്രൻ
വിമലകരസമൂഹം വ്യാപരിപ്പിച്ച നേരം
ഹിമനിശിചരർവേഗാലംബുനേത്രാംബു വീഴ്ത്തി-
ട്ടമിതരുജയൊടെങ്ങോ പാഞ്ഞു ശ്രദ്ധം മറഞ്ഞു. 14

ഹിമതതിയുടനേ ഹിമാലയത്തിൽ—ഭ്രമമൊടു കേറിയൊളിക്കുവാൻ തുടങ്ങി
സുമഹിതധരഭാസ്കരപ്രഭാവാൽ—ഹിമഭരമാവരണം വെടിഞ്ഞു ദൂരെ. 15

നേരത്തുണർന്നു പഠിതാക്കൾ പഠിച്ച ചിത്ത—താരാത്തൊരജ്ഞതകൾ സൂര്യനിരുട്ടിനേപ്പോൽ
ദൂരത്തകററി വിമലപ്രഭയാർന്നു വിദ്യാ—സാരം ഗ്രഹിപ്പതിനു ഭാജനമാക്കി ചിത്തം. 16

ഉലകിലെവനുമീഷൽസ്സ്ലോത്തപോൽ തൻമയൂഖാ-
വലികളഴകിലെങ്ങും ഭേദമെന്യേ പരത്തി
വലിയ മഹിമയേറും ബാലസൂര്യൻ ജനത്തി-
നലിവൊടുമൊരു തത്വം കാട്ടി ദൃഷ്ടാന്തപൂർവ്വം. 17

മെസ്മരശാസ്ത്രം

(കെ. ഐ വി)

പൌരുഷശക്തി

രണ്ടാം അദ്ധ്യായം

ആകർഷണശക്തിയുള്ള ഒരുവൻെറ ലക്ഷണങ്ങൾ—നാം ആദ്യമായി ചെയ്യേണ്ട
തു നമ്മുടെ ചുററുമുള്ള ആളുകളിൽ ഈ ശക്തി എങ്ങനെ പ്രവർത്തിക്കുന്നു എന്നു പരി

ശോധിക്കുകയാണ്. ഓരോരുത്തരുടേയും സ്വഭാവത്തിലുള്ള സാരതരമായ വ്യത്യാസങ്ങളേയും ഈ വ്യത്യാസം മൂലം ഓരോരുത്തർക്കും അനുഭവപ്പെടുന്ന വ്യത്യസ്തഫലങ്ങളേയും നമുക്കു പ്രത്യക്ഷമായി കാണുവാൻ കഴിയുന്നതാണ്.

ആകർഷണശക്തിയുള്ള പുരുഷന്റേയോ സ്ത്രീയുടേയോ മാതൃക നമുക്കു മനസ്സിലായി. കൂടുതലായി പിന്നാലെ വിവരിക്കുന്നുമുണ്ട്. സ്ത്രീകൾക്കു പുരുഷന്മാരേപ്പോലെ തന്നെ ആകർഷണശക്തിയുണ്ട്. ഈ ഗ്രന്ഥത്തിൽ പുരുഷന്മാരേപ്പററി പറയുന്നവയെല്ലാം സ്ത്രീകളേയും സംബന്ധിക്കുന്നവയാണ്. സ്ത്രീപുരുഷവ്യത്യാസം മൂലം ശക്തിയിൽ വ്യത്യാസമുണ്ടാകുന്നില്ല.

ആശ്വാസബോധം—ആകർഷണശക്തിയുള്ള ഒരുവന്റെ സാന്നിദ്ധ്യത്തിൽ നമുക്ക് ആശ്വാസവും സമാധാനവും ഉണ്ടെന്നുള്ള ഒരു ബോധം ആദ്യമായി ഉണ്ടാകുന്നു. അയാൾക്കു മനസ്സിളക്കമില്ല. അയാളുടെ വാക്കുകളും പ്രവൃത്തികളും അസ്ഥിരതയുള്ളവയായി കാണപ്പെടുകയുമില്ല. ഇതും കൂടാതെ അയാളിൽ എന്തോ ഒരു വിശേഷശക്തിയെ സംഗ്രഹിച്ചിട്ടുണ്ടെന്നുള്ള ഒരു ബോധവും നമുക്കുണ്ടാകുന്നു. അത് എന്താണെന്നോ എവിടെയാണെന്നോ നിശ്ചയിക്കുന്നതിനു നമുക്കു നിവൃത്തിയുമില്ല. ആ ശക്തിയുടെ ഉത്ഭവം അയാളുടെ നോട്ടത്തിലോ ഭാവത്തിലോ വാക്കുകളിലോ പ്രവൃത്തികളിലോ ഒന്നിലും അല്ല. ആ ശക്തി അയാളുടെ ഒരു ഭാഗം തന്നെയാണ്. തൽക്കാലം അപ്രകൃതമായി തോന്നാമെങ്കിലും അയാളിൽ കാണുന്ന ശക്തിയുടെ ഒരു ഭാഗം കുറേ വിനാഴികകൾക്കു മുമ്പു നിങ്ങളുടേതായിരുന്നു. അതു നിങ്ങളുടെ അറിവു കൂടാതെ നിങ്ങളിൽനിന്ന് അയാൾ അപഹരിച്ചതാണ്. ഇനിയും അതേപ്പററി വിചാരപ്പെട്ടിട്ടു ഫലവുമില്ല.

പ്രത്യേകതരം നോട്ടം—ആകർഷണശക്തിയുള്ള മനുഷ്യൻ നിങ്ങളുടെ മേൽ പ്രയോഗിക്കുന്ന വശീകരണശക്തിയേപ്പററി ശരിയായി മനസ്സിലാകുന്നതിനു വേണ്ടി നമുക്ക് അയാളുടെ നടപടിയെ പരിശോധിക്കാം. ഒന്നാമതായി അയാളുടെ നോട്ടത്തെ പരിശോധിക്കുക. അയാൾ തുറിച്ചു നോക്കുകയില്ല. അയാളുടെ നോട്ടത്താൽ തന്നെ നിങ്ങൾ അയാൾക്ക് അധീനരായിരിക്കുന്നു. അയാൾ നോക്കുന്നതു നിങ്ങളുടെ ഏതെങ്കിലും ഒരു കണ്ണിലേക്കുമല്ല. കണ്ണുകളുടെ രണ്ടിന്റേയും മദ്ധ്യേ മൂക്കിന്റെ ചുവട്ടിലേക്കത്രേ. അയാളുടെ നോട്ടം ശക്തിയോടു കൂടി തുളച്ചു നിങ്ങളുടെ ഉള്ളിൽ കൂടി കടന്നുപോകുന്നു എന്നു നിങ്ങൾക്കു തോന്നുന്നു. എന്നാൽ കുററംവിധിക്കത്തക്ക വ്യത്യാസം ആ നോട്ടത്തിൽ ഉണ്ടായിരിക്കയുമില്ല. നിങ്ങളുടെ സംസാരത്തിൽ അയാൾക്കു വിരസതയുള്ളതായിട്ടോ വിരസത വരാവുന്നതായിട്ടോ നിങ്ങൾക്കു തോന്നുകയില്ല. നിങ്ങൾ സംസാരിക്കുമ്പോൾ നിങ്ങളുടെ സംസാരത്തെ സ്വീകരിക്കുന്നതിനായി അയാൾ ശ്രദ്ധയോടും ക്ഷമയോടും കാത്തിരിക്കുന്നതല്ലാതെ മുമ്പിലത്തേപ്പോലെ സൂക്ഷ്മമായി നോക്കുന്നില്ല. വീണ്ടും അയാൾ സംസാരിക്കുമ്പോൾ ശക്തിയോടും അധികാരഭാവത്തോടും എന്നാൽ സ്നേഹത്തോടും കൂടി നിങ്ങളുടെ മൂക്കിന്റെ ചുവട്ടിലേക്ക് അയാൾ നോക്കുന്നു. അയാൾ തക്കപ്രിയനല്ല. സ്വന്തഅഭിപ്രായങ്ങളെ സ്ഥാപിക്കുവാൻ ആഗ്രഹിക്കയുമില്ല.

മര്യാദയുണ്ട്—നിങ്ങൾ പറയുന്നതിനെ വളരെ മര്യാദയോടു കൂടി അയാൾ ശ്രദ്ധിക്കുന്നു. എല്ലാവരോടും അയാൾ സ്നേഹമായി പെരുമാറുന്നു. എന്നാൽ പുറമേ കാണുന്ന ഈ സ്നേഹത്തിന്റേയും ശാന്തതയുടേയും ഉള്ളിൽ ഒന്നിനും വഴങ്ങാത്ത മനശ്ശക്തിയുള്ള ഒരാളിന്റെ പ്രതിമയെ നിങ്ങൾ കാണുന്നു. അയാളിൽ ശക്തിയുണ്ടെന്നുള്ള ബോധം നിങ്ങൾക്ക് ഉണ്ടാകയും അയാളെ അനുസരിക്കേണ്ടതു നിങ്ങളുടെ കടമയാണെന്നു നിങ്ങൾക്കു തോന്നിപ്പിക്കുകയും ചെയ്യുന്നു. തന്റെ ആവശ്യങ്ങൾ എന്തെല്ലാമെന്നു ശരിയായി അറിയുന്നതിനു പ്രാപ്തിയും അവയെ ഏതെങ്കിലും തരത്തിൽ സാധിക്കാമെന്നുറപ്പും ഉള്ളതിനാൽ ധൃതഗതിയില്ലാത്ത പ്രകൃതിയോടു കൂടിയ ഒരാളാണ് അയാളെന്നുള്ള ഒരു് അഭിപ്രായത്തെ അയാൾ നിങ്ങളിൽ ഉണ്ടാക്കിത്തീർക്കയും ചെയ്യുന്നു. അയാളുടെ ധൈര്യത്തിനും ശാന്തതയ്ക്കും കാരണം ഇതാകുന്നു. അറിവാകുന്ന ശക്തിയെന്നും കാരണം കൂടാതെ ഒന്നും തന്നെ ലോകത്തിൽ സംഭവിക്കുന്നില്ലെന്നും അയാൾ സ്പഷ്ടമായി അറിയുന്നു.

ബലഹീനന്മാർ കുറെക്കൂടി ബലഹീനന്മാരായും ശക്തിമാന്മാർ കുറെക്കൂടി ശക്തിമാന്മാരായും തീരുന്നു—ആകർഷണശക്തിയുള്ള ഒരു മനുഷ്യന്റെ സാന്നിദ്ധ്യത്തിൽ ശക്തിഹീനന്മാരുടെ ശക്തി ക്രമേണ ക്ഷയിക്കുകയും ശക്തിമാന്മാരുടെ ശക്തി ക്രമേണ വർദ്ധിക്കുകയും ചെയ്യുന്നു "ഇല്ലാത്തവരിൽനിന്നു് അവർക്കുള്ളതു കൂടെ എടുക്കപ്പെടും." ഇതു് ഒരു് അസംബന്ധമായി തൽക്കാലം നിങ്ങൾക്കു തോന്നിയേക്കാം. പക്ഷേ ന്യായപ്രകാരവും അനുഭവപ്രകാരവും ഇങ്ങനെ സംഭവിക്കുന്നു.

ആകർഷണശക്തിയുള്ള മനുഷ്യൻ ശക്തിയെ സംരക്ഷിക്കുന്നു—ഇനിയും അയാളുടെ സംഭാഷണത്തെ നമുക്കു പരിശോധിക്കാം, ഏതെങ്കിലും ഒരു വിഷയത്തെപ്പററി നൂതനമായ ഒരു് അറിവു നിങ്ങൾക്കു് അയാളിൽനിന്നു ലഭിക്കുന്നുണ്ടോ? വളരെ ദുർല്ലഭമാണു്. വ്യർത്ഥമായി ഒന്നും തന്നെ അയാൾ സംസാരിക്കുന്നില്ല. പ്രത്യേകിച്ചു തന്നത്താൻ പുകഴ്ത്തിയോ സ്വന്തകാര്യത്തെപ്പററി എന്തെങ്കിലുമോ അയാൾ പറയുന്നില്ല. വാസ്തവം പറയുന്നതായാൽ അയാൾ പറയുന്നതെല്ലാം നിസ്സാരസംഗതികളാണു്. എന്നാൽ അതിനെ ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ അവയെല്ലാം വളരെ ഗുരുതരങ്ങളാണെന്നു നിങ്ങൾക്കു തോന്നിപ്പോകുന്നു.

അത്യാശയില്ല.—ഈ വിശേഷണപദത്തെ പ്രത്യേകം ഓർത്തിരിക്കണം. അയാൾക്കു ഒന്നിലും അത്യാശയില്ല. അയാൾ കുറേ അധികം പറയുവാൻ കഴിയുന്ന ആളാണെന്നുള്ള ഒരഭിപ്രായം നിങ്ങളിൽ ജനിക്കുന്നു. ആ വിധത്തിൽ നിങ്ങളുടെ ശ്രദ്ധയെ അയാൾ ആകർഷിക്കുന്നു. കരുതലോടു കൂടി നിങ്ങൾ ഇങ്ങനെ ആകർഷിക്കപ്പെടുന്നു എന്നു തോന്നിക്കത്തക്കവണ്ണം അയാളുടെ കണ്ണുകൾ അത്രമാത്രം കപടമുള്ളവയായിരിക്കുന്നില്ല. നിങ്ങൾ പത്തു കൊല്ലം അയാളോടൊരുമിച്ചു സഹവാസം ചെയ്താലും നിങ്ങളിൽനിന്നു് പ്രശംസ ലഭിക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ സംഭാഷണം ചെയ്യുന്ന പ്രകൃതി അയാളിൽ ഇല്ലെന്നു മനസ്സിലാക്കാം. പരമാർത്ഥം പറയുന്നതായാൽ പ്രശംസയേയൊ ബഹുമാനത്തെയൊ അയാൾ അഗ്രഹിക്കുന്നില്ല. ആകർഷണശക്തി ലഭിക്കുന്നതിനു നിങ്ങൾ ഇപ്പോൾ അഭ്യസിക്കുന്നപ്രകാരം അയാൾ അഭ്യസിച്ചുകൊണ്ടിരുന്ന അയാളുടെ കൌമാരദശയിൽ തന്റെ ശക്തിയെ മററുള്ളവർ പുകഴ്ത്തിപ്പറയുന്നതു കേൾപ്പാൻ പക്ഷേ അയാൾക്കു് ഇഷ്ടമായിരുന്നു. ആ കാലമെല്ലാം കഴിഞ്ഞുപോയി. പൂർണ്ണതയെ പ്രാപിച്ചിട്ടില്ലെങ്കിലും അങ്ങിനെയുള്ള ഒരാഗ്രഹം ഇപ്പോൾ അയാളുടെ മനസ്സിൽ ഇല്ല. പരിശ്രമം മൂലം നമുക്കു ചെന്നെത്താവുന്നവയായ പല ഉയർന്നപടികളും ഉണ്ടു്. ഏററവും ഉയർന്ന കൊടുമുടിയുടെ അഗ്രഭാഗത്തു് എത്തുവാൻ സാധിക്കയുമില്ല.

നിയമാനുസരണമായ പ്രവൃത്തികൾ.—ഈ മനുഷ്യനു ജനസമ്മതം, ധനം, വിജയം മുതലായവ ലഭിച്ചപ്പോൾ തനിക്കു ലഭിക്കുവാനുള്ള അവകാശം പോലെ അവയെ സ്വീകരിച്ചു. ഇവയെല്ലാം തന്റെ പ്രവൃത്തിയുടെ ഫലമാണെന്നുള്ള ബോധമാണു് അയാൾക്കു കൂടുതൽ ശക്തിയെ പ്രദാനം ചെയ്തതു്. പരിശ്രമം കൂടാതെ ഒരിക്കലും മടിയനായി അയാൾ ഇരിക്കുന്നില്ല. അയാളുടെ മനശ്ശക്തിയെ വേണ്ടവിധത്തിൽ ഭരിക്കയും ഉപയോഗപ്പെടുത്തുകയും ചെയ്കയാൽ ജനസമ്മതവും അതിനാൽ തന്നെ ധനവും അയാൾക്കു ലഭിച്ചു. ആകർഷണശക്തി മൂലമാണു് അയാൾ ഭരിച്ചതു്. അയാൾക്കു് ആവശ്യമുള്ള ഓരോ സംഗതികളും ആകർഷണശക്തിമൂലം അയാൾ സാധിക്കുന്നു

നിങ്ങൾ അയാളെ ഇഷ്ടപ്പെടുന്നു.—ഈ ശാസ്ത്രപഠനത്തിൽ നാം വളരെ വേഗം മുമ്പോട്ടു പോകുന്നു. നൂതനമായ പല സംഗതികളും നാം ഇപ്പോൾ ഗ്രഹിച്ചുകഴിഞ്ഞു. ആകർഷണശക്തിയുള്ള മനുഷ്യനുമായുണ്ടായ സഹവാസത്തിൽ നിങ്ങളുടെ അനുഭവം എന്താണെന്നു് ഓർത്തുനോക്കുക. നിങ്ങൾക്കു കാരണം കണ്ടുപിടിക്കുവാൻ പാടില്ലാത്തവണ്ണം അതിശയകരമായ വിധത്തിൽ അയാൾ നിങ്ങളുടെ നേരെ പ്രദർശിപ്പിച്ച സഹതാപം നിമിത്തം അയാളുമായി കുറേക്കൂടി പരിചയപ്പെടുന്നതിനു നിങ്ങൾ ആഗ്രഹിക്കുന്നു. വളർത്തമ്മമാർ കുഞ്ഞുങ്ങളെക്കുറിച്ചു പറയുന്നതുപോലെ നിങ്ങൾക്കു് അയാളോടു "പ്രിയ"മുണ്ടാകുന്നു. നിങ്ങൾ പിരിഞ്ഞുപോന്നതിന്റെ ശേഷവും അയാളോടുള്ള നിങ്ങളുടെ സ്നേഹം അശേഷം കുറയുന്നില്ല.